

മതപരിവർത്തനത്തിന്റെ

യാഥാർത്ഥ്യങ്ങൾ

ആർ. ഹരി
സ്വാമി ദയാനന്ദസരസ്വതി

പ്രസിദ്ധീകരണം : ഹിന്ദുഐക്യവേദി - കേരളം
2012 മെയ്

നാന്ദി,

ലോകമെങ്ങും പ്രവർത്തിക്കുന്ന രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ അഖിലഭാരതീയ ബൗദ്ധിക് ശിക്ഷൺപ്രമുഖ് ആയിരുന്ന മാന്യ ആർ. ഹരി കുറച്ചു വർഷങ്ങൾക്കു മുമ്പ് ജബൽപ്പൂരിൽ വനവാസി കല്യാണാശ്രമത്തിന്റെ പ്രവർത്തകരുടെ മുമ്പിൽ അവതരിപ്പിച്ച ഒരു വിഷയത്തിന്റെ വിവർത്തനമാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

ഇന്നും സജീവമായി ചർച്ചചെയ്യപ്പെടുന്ന വിഷയമാണല്ലോ മതപരിവർത്തനം. അതൊരു കീഴ്പ്പെടുത്തൽ തന്നെയാണ്. ഇരയെ വേട്ടയാടിപ്പിടിച്ച് തന്റേതാക്കുന്ന തനി കാട്ടുനീതി. അതാണ് അതിലൂടെ നടന്നുകൊണ്ടിരിക്കുന്നത്. സമസ്ത ഹിന്ദുവിഭാഗങ്ങളെയും അവരുടെ ദാരിദ്ര്യത്തേയും അജ്ഞതയേയും ചൂഷണം ചെയ്തുകൊണ്ടാണ് മതപരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ വിഷയത്തിന്റെ ചരിത്രപശ്ചാത്തലവും വർത്തമാന പ്രവർത്തനങ്ങളും ഭാവിയിൽ നാം ചെയ്യേണ്ടതെന്താണെന്നും ശ്രീ. ആർ. ഹരി വിഷയാവതരണത്തിലൂടെ സർവ്വസാധാരണക്കാരെയും ബുദ്ധിജീവികളെയും മനസ്സിലാക്കിക്കുവാൻ ശ്രമിക്കുകയാണ്.

ഈ ലക്ഷ്യം പൂർത്തിയാക്കാൻ ഈ ലഘുപുസ്തകത്തിന് സാധിക്കട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് ഇത് ഭാഷാന്തരം നടത്താൻ അനുവാദംതന്ന ശ്രീ. ആർ. ഹരിക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ടും പുസ്തകം സഹൃദയം സമർപ്പിക്കുന്നു.

02-05-2012 പ്രസാധകർ

തിരുവനന്തപുരം ഹിന്ദുഐക്യവേദി, കേരളം

വനവാസി കല്യാണാശ്രമത്തിന്റെ മികവുറ്റ പ്രവർത്തകനായിരുന്ന സ്വർഗ്ഗീയ കൃഷ്ണ ദാമോദർ സപ്രേയുടെ സ്മരണയ്ക്കായി സംഘടിപ്പിച്ച പ്രഥമ പ്രഭാഷണപരമ്പരയിൽ രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ അഖിലഭാരതീയ ബൗദ്ധിക് ശിക്ഷൺ പ്രമുഖ് ശ്രീ. ആർ. ഹരി 2000 ജനുവരി 26 ന് ചെയ്ത ഹിന്ദിപ്രഭാഷണത്തിന്റെ മൊഴിമാറ്റമാണിത്. ജബൽപൂരിലെ വനസാഹിത്യ അക്കാദമി ഇത് പുസ്തകരൂപേണ പ്രസിദ്ധീകരിച്ചിരുന്നു. അതു ഞങ്ങൾ മലയാളത്തിലാക്കിയിരിക്കുന്നു. അതിന് അനുവാദം തന്ന വനസാഹിത്യഅക്കാദമി ഡയറക്ടർ ശ്രീ ചൗധരി ശിവവ്യത് മഹന്തിക്കു നന്ദി.

ഭാരതത്തിൽ ക്രിസ്ത്യൻ-മുസ്ലീം ശക്തികൾ ഹിന്ദുക്കളെ മതംമാറ്റാനുള്ള ശ്രമങ്ങൾ വളരെ കാലങ്ങളായി നടത്തിവരുന്നുണ്ട്. മുസ്ലീം മതമാറ്റശ്രമങ്ങൾക്ക് താടകയുടേതും ക്രിസ്ത്യൻ പ്രവർത്തനങ്ങൾക്ക് പൂതനയുടേതും ഉദാഹരണങ്ങളാണ് അനുയോജ്യം. ഭാരതത്തിൽധർമ്മരക്ഷക്കായി ത്രേതായുഗത്തിൽ ഭഗവാൻ ശ്രീരാമൻ അവതരിച്ചു. തന്റെ അവതാരലക്ഷ്യം നേടാനായി വളരെ ചെറുപ്പം മുതൽ തന്നെ പരിശ്രമവും തുടങ്ങി. ബാലനായ ശ്രീരാമചന്ദ്രനെ വകവരുത്തുന്നതിനായി അസുരന്മാർ എല്ലാവരും കൂടി 'താടക' എന്നൊരു അസുരശക്തിയെ സൃഷ്ടിച്ചു. ആ താടക എങ്ങനെയാണ് വന്നിരുന്നത് എന്ന് നമുക്കെല്ലാവർക്കും അറിയാം. വനങ്ങളെ മുഴുവൻ വിറപ്പിച്ച് ചോരക്കണ്ണുകളോടെ, അട്ടഹാസങ്ങളോടെ ഏറ്റവും ഭീതിദമായ രാക്ഷസീയഭാവത്തോടെയായിരുന്നു താടകയുടെ വരവ്. ഒറ്റനോട്ടത്തിൽതന്നെ നമുക്ക് മനസ്സിലാവുമായിരുന്നു വരുന്നത് രാക്ഷസി തന്നെയെന്ന്. എന്നതുപോലെ മുസ്ലീം ശക്തികൾ ഊരിപ്പിടിച്ച വാളുമായി നിർബന്ധിത മതംമാറ്റം നടത്തുകയാണ് ചെയ്തിരുന്നത്.

എന്നാൽ ക്രിസ്ത്യൻ പ്രവർത്തനം അതല്ലായിരുന്നു. അവർ സൂത്രശാലികളായിരുന്നു. മുസ്ലീങ്ങൾ ശക്തിയുടെ അടിസ്ഥാനത്തിൽ മതപരിവർത്തനം നടത്തിയിരുന്നുവെങ്കിൽ ക്രിസ്ത്യാനികൾ ലോകത്തെവിടെയെങ്കിലും മതപരിവർത്തനം അതിന്റെ ആരംഭകാലം മുതൽ ഇന്നു വരെയുള്ള അനുഭവം അനുസരിച്ച് കൗശലത്തോടെയാണ് നടത്തിയിരുന്നത്. അതിനുള്ള ഉദാഹരണം ദ്വാപരയുഗത്തിലെ മായാവിയായ പൂതനയുടേതാണ്. ധർമ്മരക്ഷയ്ക്കായി ഭൂമിയിൽ അവതരിച്ച ഭഗവാൻ കൃഷ്ണനെ കൊല ചെയ്യാൻ പൂതനയെ അയച്ച കഥ ഏവർക്കും സുപരിചിതമാണല്ലൊ. ആ

പൂതന വന്നത് പൊയ്മുഖം അണിഞ്ഞാണ്. 'ഞാനും ഒരമ്മയാണ്. എനിക്കും ഉണ്ണിക്കണ്ണനെ എടുക്കുവാനും കളിപ്പിക്കുവാനും ഒക്കെ ആഗ്രഹമുണ്ട്.', അതിനുള്ള അവസരം നൽകുമോ? ഇങ്ങനെയാണ് ഗോകുലത്തിലെ എല്ലാ അമ്മമാരെയും കബളിപ്പിക്കുവാൻ പൂതനക്ക് കഴിഞ്ഞത്. ഈ രീതിയിലാണ് ക്രിസ്ത്യൻ മിഷനറികളുടെ പ്രവർത്തനവും. എന്നാൽ ഭഗവാൻ കൃഷ്ണനെ കബളിപ്പിക്കാൻ പൂതനക്ക് കഴിഞ്ഞില്ല എന്ന് നമുക്കറിയാം. എന്നതുപോലെ വനവാസി കല്യാണാശ്രമവും ക്രിസ്ത്യൻ മത പരിവർത്തനത്തിന്റെ ഗൂഢമായ തന്ത്രങ്ങൾ മനസ്സിലാക്കിയവരാണ്.

ശത്രുമിത്രഭാവം വളർത്തി

മിഷനറികളുടെ മതപരിവർത്തനശ്രമങ്ങൾ കേവലം വനവാസി വിഭാഗങ്ങളിൽ മാത്രമല്ല, അതെല്ലാ വിഭാഗം ജനങ്ങളുടെയിടയിലും നടന്നുകൊണ്ടിരിക്കുന്നു എന്നത് ഏവർക്കും അറിവുള്ളതാണല്ലോ. മതപരിവർത്തന പ്രശ്നത്തിൽ പൂജനീയ വിവേകാനന്ദ സ്വാമികൾ പറഞ്ഞതാണ് ഓർമ്മ വരുന്നത്. മതപരിവർത്തനത്തിലൂടെ സംഭവിക്കുന്നത് വിഷ്ണു, ശിവ, ഗണപതി, ദേവി എന്നിവയുടെ ഭക്തനായിരുന്ന ഒരാൾ യേശുവിന്റെ ഭക്തനായിത്തീരുന്നു എന്നാണ് നാം വിചാരിക്കുന്നത്. എന്നാൽ അതുമാത്രമല്ല സംഭവിക്കുന്നത് താൻ വിശ്വസിച്ചിരുന്ന ഈശ്വരസങ്കല്പത്തിന് മാറ്റം വരുന്നതോടെ ആ വ്യക്തിയുടെ കാഴ്ചപ്പാട്, ജീവിതരീതി, ആചാരങ്ങൾ എന്നിങ്ങനെ എല്ലാം മാറ്റിമറിക്കപ്പെടുകയാണ് ചെയ്യുന്നത്. അതോടെ ആ വ്യക്തി അടിമുടി മാറ്റത്തിന് വിധേയനാക്കപ്പെടുകയും ചെയ്യുന്നു. ഹിന്ദുസമൂഹത്തിന്റെ അംഗസംഖ്യയിൽ ഒന്നു കുറയുന്നു. നമ്മുടെ ഒരു ബന്ധു മരിക്കുന്നു എന്ന് മാത്രമല്ല നമുക്ക് ഒരു ശത്രു കൂടി ജനിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അങ്ങനെ ഇവിടെ ഒരു ബന്ധുവിന്റെ മരണവും ഒരു ശത്രുവിന്റെ ജനനവും സംഭവിക്കുന്നു. ഈ രീതിയിലുള്ള മാറ്റമാണ് മതപരിവർത്തനത്തിലൂടെ നാം കണ്ടുകൊണ്ടിരിക്കുന്നത്.

മതപരിവർത്തനം- ചൈനയുടേയും ജപ്പാന്റേയും പ്രതികരണങ്ങൾ

ഭാരതത്തിൽ മാത്രമല്ല ഏതൊക്കെ രാജ്യങ്ങളിലാണോ മതപരിവർത്തനങ്ങൾ കൊണ്ട് പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത് അവിടങ്ങളിൽ എല്ലാം അവിടുത്തെ ജനങ്ങൾ ഇതിനെ എതിർക്കുകയാണ് ചെയ്തിട്ടുള്ളത്. മിഷനറികളുടെ ഈ പ്രവർത്തനം പുതിയതൊന്നുമല്ല, കാലങ്ങളായി നടന്നുവരുന്നതാണ്. വളരെ വർഷങ്ങൾക്കു മുമ്പ് 13-ാം നൂറ്റാണ്ടിൽ മിഷനറി പ്രവർത്തനങ്ങൾ ചൈനയിൽ ആരംഭിച്ചിരുന്നു. അന്നത്തെ മഞ്ചുരാജവംശ രാജാവ്

മതപരിവർത്തന പരിശ്രമങ്ങളെക്കുറിച്ച് ഉദാഹരണമൂപേണ പറഞ്ഞത് ഇങ്ങിനെയായിരുന്നു: "കൈയുടെ ശക്തി എന്നാൽ അഞ്ചു വിരലുകളുടെ ശക്തിയാണ്. ഓരോ വിരലും ആകൃതിയിലും പ്രവർത്തനത്തിലും വ്യത്യസ്തവുമാണ്. എന്നാൽ ഈ അഞ്ചു വിരലുകളും ചേർന്നാണ് കൈയ്ക്ക് ശക്തി പകരുന്നത്. അതുപോലെ ഇവിടെ (ചൈനയിൽ) വ്യത്യസ്തമായ ധർമ്മങ്ങളെ അനുഷ്ഠിക്കുന്നവരാണ്. ഓരോരുത്തരുടെയും കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. ഇതാണ് ഞങ്ങളുടെ അഭിപ്രായം. അതിൽ നിന്നും മനസ്സിലാക്കേണ്ടത് മതസഹിഷ്ണുത, വിവിധ വിശ്വാസങ്ങളോടുള്ള ബഹുമാനം തുടങ്ങിയ കാര്യങ്ങൾ ഭാരത്തിൽ മാത്രം ആയിരുന്നില്ല. നേരെ മറിച്ച് എവിടെക്കെയാണോ ബുദ്ധമതാനുയായികളായിരുന്ന ഭിക്ഷുക്കൾ കടന്നു ചെന്നത് അവിടെയൊക്കെയും ഈ സങ്കല്പങ്ങൾ ഉണ്ടാവുകയാണ് ചെയ്തത്. ഈ നിലയിൽ നിന്നുകൊണ്ടാണ് ചൈനയിലെ മിഷനറി പ്രവർത്തനങ്ങളെ അന്ന് ചൈനാക്കാർ വിലയിരുത്തിയിരുന്നത്. എന്നാൽ അനുഭവത്തിൽ അതല്ല സംഭവിച്ചത് എന്നതിന്റെ അടിസ്ഥാനത്തിൽ ചൈനാക്കാർ അക്കാലത്തു ചൈനയിൽ പ്രവർത്തിച്ചിരുന്ന 'ചീനാസംഘം' എന്ന സംഘടനാ മിഷനറികളുടെ വിദ്യാഭ്യാസ പ്രവർത്തനംകൊണ്ട് ദേശീയ വിരുദ്ധ വികാരം അല്ലെങ്കിൽ അരാഷ്ട്രീയവാദം ആണ് ഉണ്ടാവുന്നത് എന്ന് മനസ്സിലാക്കുകയും അതുകൊണ്ട് ഇംഗ്ലീഷ് വിദ്യാഭ്യാസമോ പദ്ധതികളോ ചൈനയിൽ നടപ്പാക്കരുത് എന്ന് ആവശ്യപ്പെടുകയും ചെയ്തു. മിഷനറി പ്രവർത്തനങ്ങൾ തടയുന്നതിനായി മേൽപ്പറഞ്ഞ സംഘടന അക്കാലത്ത് സമരങ്ങൾ ചെയ്യുകയും ഉണ്ടായി. അവസാനം 1924 ൽ ചൈന സർക്കാർ ഈ ആവശ്യം അംഗീകരിക്കുകയാണ് ഉണ്ടായത്.

ഇതുപോലെയാണ് ജപ്പാനിൽ മിഷനറി പ്രവർത്തനം 1838-ൽ തുടങ്ങിയപ്പോൾ തന്നെ അവിടുത്തെ സർക്കാർ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. ഇവർ ദുഷ്ടമാർഗ്ഗത്തിൽ ചരിക്കുന്നവരാണ്. ഇത് നമുക്ക് യോജിക്കുന്നതല്ല. (Evil sect of christian is forbiden to you) അതുപോലെ ഭാരത ത്തിലും ബ്രഹ്മസമാജ്, ആര്യസമാജ്, രാമകൃഷ്ണമിഷൻ തുടങ്ങിയവ ആരംഭിച്ചുകൊണ്ട് രാജാറാം മോഹൻറോയിയും, സ്വാമി ദയാനന്ദനും, സ്വാമി വിവേകാനന്ദനും മതപരിവർത്തന നീക്കങ്ങളെ തടയുന്നതിന് പരിശ്രമം നടത്തിയിരുന്നു. ജപ്പാനിലെയും ചൈനയിലെയും ഭാരതത്തിലേയും പോലെ മറ്റു രാജ്യങ്ങളിലും അവരവരുടെ രാജ്യസുരക്ഷയെ ലക്ഷ്യമാക്കി പ്രബുദ്ധരായ ഭരണകർത്താക്കൾ മതപരിവർത്തന ശ്രമങ്ങൾക്കെതിരെ

നിരോധനങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചിരുന്നു. ഇതിനുപുറമേ പൊതുജന സംഘടനകളുടെ പ്രയത്നങ്ങളിലൂടെയും ഇതിനുള്ള പരിശ്രമം ചെയ്യുക യുണ്ടായി. ഇന്ന് പല ബുദ്ധിജീവികളും പറഞ്ഞു കേൾക്കുന്നത് ഒരാൾ തന്റെ മതം മാറിയാൽ എന്താണ് സംഭവിക്കാൻ പോവുന്നത് എന്നാണ്. ഈ നാട് എല്ലാ മതവിശ്വാസികൾക്കും ഉള്ളതാണല്ലോ? എന്നാൽ വാസ്ത വത്തിൽ മതംമാറ്റത്തിലൂടെ ഒരു വ്യക്തിയുടെ ജീവിതവീക്ഷണത്തിന് മാറ്റം വരുന്നു. മിഷനറികളുടെ മസ്തിഷ്ക പ്രക്ഷാളനം കൊണ്ട് രാജ്യദ്രോഹി യാവുകയും ചെയ്യുന്നു. ഇതാണ് അനുഭവം.

ഒളിയുദ്ധങ്ങൾ

ഹിന്ദുസമൂഹത്തിന് ക്രിസ്ത്യൻ മിഷനറികളിൽ നിന്നും ചതികളും അതിക്രമങ്ങളും വളരെയേറെ ഏൽക്കേണ്ടിവന്നിട്ടുണ്ട്. ഇത് ഇസ്ലാമിക അക്രമങ്ങളേക്കാൾ സംഘടിതവും ദൂരവ്യാപകവും വ്യക്തവുമായ പദ്ധ തികളോടു കൂടിയാണ് നടന്നിട്ടുള്ളതും 14-ാം നൂറ്റാണ്ടിലെ ഗോവ ഇൻക്വി സിഷൻ കാലഘട്ടത്തിനുശേഷം വന്നത് ചതികളുടെ കാലമായിരുന്നു. പ്രച്ഛ ന്നവേഷം ധരിച്ചെത്തിയ രാവണന്റേയും പൂതനയുടേയും മുഖമായിരുന്നു അതിനുണ്ടായിരുന്നത്. അതുകൊണ്ട് അതിനെ സൂക്ഷ്മമായും സമഗ്ര മായും നമുക്ക് നേരിടേണ്ടതുണ്ട്.

ഭാരതത്തിൽ മൂന്ന് രീതികളിലൂടെയാണ് ക്രിസ്തുമതം പ്രവേശിച്ചത്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് അവയ്ക്കൊക്കെ രൂപാന്തര ങ്ങൾ സംഭവിക്കുകയാണ്ടായി. 4-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ തുറമുഖം വഴിയാണ് അവർ ആദ്യം ഭാരതത്തിൽ പ്രവേശിച്ചത്. എന്നാൽ ഇപ്പോഴും പലരും '52-ൽ സെന്റ് തോമസ് ഇവിടെയെത്തിയതായി അവകാശപ്പെടു ന്നുണ്ട്. എന്നാൽ ഇതിന് ആധികാരികമായ തെളിവുകളൊന്നുമില്ല. അക്കാ ലത്ത് യൂറോപ്പിന്റെ ക്രിസ്ത്യാനീകരണം പൂർണ്ണമായും നടന്നുകഴിഞ്ഞി രുന്നില്ല. മാത്രമല്ല പോപ്പിൽ എല്ലാ മതാധികാരങ്ങളും നിക്ഷിപ്തവുമായി രുന്നില്ല. ഭാരതത്തിൽ ആദ്യം വന്ന മിഷനറി പ്രവർത്തകർ അസഹിഷ്ണു ക്കളോ, ആക്രമകാരികളോ ആയിരുന്നില്ല. റോമൻ രാജാക്കന്മാരുടെ അതി ക്രമങ്ങളിൽ നിന്നും രക്ഷപ്പെട്ടുവന്നവരായിരുന്നു. (മലങ്കര -Malabari Christian) അവരുടെ ഭാഷ സിറിയൻ ആയിരുന്നു, കൈവശം ബൈബിളും ഉണ്ടായിരുന്നില്ല. ഇതിനു ശേഷമാണ് ബൈബിൾ പോലും ഉണ്ടായത്. ആ ബൈബിളിന് ഇംഗ്ലീഷ് രൂപം കൈവന്നത്. 13-ാം നൂറ്റാണ്ടിലും. ഇക്കാരണം

കൊണ്ട് അന്നത്തെ ക്രിസ്ത്യാനികൾ അവരുടെ പൂർവ്വികതേവാരങ്ങൾ അനുഷ്ഠിച്ചുകൊണ്ട് സന്തോഷത്തോടെ ജീവിക്കുകയും ചെയ്തു. മാമോദീസ പോലുള്ള ചടങ്ങുകൾ അന്ന് നിലവിലുണ്ടായിരുന്നില്ല.

അന്നു മുതൽ ഈ വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികൾ പൊട്ടുതൊടാനും, കുടുമ വെക്കാനും കാതുകുത്താനും, പുനർജന്മത്തിൽ വിശ്വസിക്കുവാനും, കുട്ടികളെ വിദ്യാരംഭം നടത്തുവാനും, തുളസിപ്പൂവ് ചൂടാനും, പുലവാലായ്മകൾ ആചരിക്കാനും തുടങ്ങി. അങ്ങനെ അവർ ഹിന്ദുക്രിസ്ത്യാനികളായി ജീവിക്കാനും ആരംഭിച്ചു. ആ കാലഘട്ടത്തിൽ നിലവിളക്ക് കൊളുത്തലും ക്ഷേത്രദർശനവും ഒക്കെ അവരുടെ ആചാരങ്ങളുടെ ഭാഗമായിരുന്നു. ഇതായിരുന്നു ആദ്യത്തെ കാലഘട്ടം.

ക്രിസ്ത്യാനികളുടെ അടുത്ത വരവ് 15-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആരംഭിച്ചു. 1498-ൽ പോർച്ചുഗീസിൽ നിന്നും വാസ്കോഡഗാമ കോഴിക്കോട് എത്തിയതോടെയാണ് ഉണ്ടായത്. പോർച്ചുഗീസുകാർ വന്നതിന്റെ പ്രധാന ഉദ്ദേശ്യം പോപ്പിന്റെ ആഹ്വാനമനുസരിച്ച് ലോകം മുഴുവൻ ക്രൈസ്തവീകരിക്കുക എന്നതായിരുന്നു. ഇവരുടെ രൂപവും ഭാവവും വേഷവും എല്ലാം ഇതിനുമുമ്പേ വന്നവരിൽ നിന്നും വ്യത്യസ്തവുമായിരുന്നു. അക്രമകാരികളും അസഹിഷ്ണുക്കളും മതവെറിയന്മാരും ക്രൂരന്മാരുമായിരുന്നു ഇവർ. ഇവരുടെ സേനാവിഭാഗത്തിലെ ഒന്നായിരുന്ന പാതിരിമാർ ഭരണാധികാരികളിൽ നിന്നും ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്മാരുമായിരുന്നു. ഇവരാണ് പിൽക്കാലത്ത് റോമൻ കാത്തലിക്സ് എന്ന രീതിയിൽ അറിയപ്പെട്ടുവന്നത്. ഇവരുടെ കേന്ദ്രം ഗോവയായിരുന്നു.

മതപരിവർത്തനത്തിന്റെ ചരിത്രത്തിൽ ഇവിടെ രണ്ടു പ്രധാന സംഭവങ്ങൾ ഉണ്ടായി. ഒന്ന് സ്വന്തം നാടിനെ തള്ളിപ്പറയൽ എന്നതും രണ്ട് ദേശീയ ക്രിസ്ത്യാനികളുടെ മനംമാറ്റം എന്നതും ആയിരുന്നു അവ.

മതപരിവർത്തനവും ദേശീയ വിരുദ്ധലക്ഷ്യവും

16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർച്ചുഗീസുകാർ കൊച്ചിയിലും എത്തി. അന്ന് കൊച്ചിയിലെ ക്രിസ്ത്യാനികളുടേതായ ഒരു പ്രതിനിധി സംഘം പോർച്ചുഗീസുകാരെ കാണുകയും കൊടുങ്ങല്ലൂരിൽ ഒരു പള്ളി പണിത് സമീപ ഹിന്ദു പ്രദേശങ്ങൾ കൈയ്യടക്കണമെന്നും അതിനുള്ള സഹായങ്ങൾ തദ്ദേശീയരായ തങ്ങൾ ചെയ്തുതരാമെന്നും പ്രഖ്യാപിക്കുകയുണ്ടായി. ഭാരതത്തിന്റെ ജീവിതരീതിയോട് ഇഴചേർന്ന് 1100-ലധികം

വർഷങ്ങൾ ജീവിച്ചവരാണ് ഈ രീതിയിൽ പ്രവർത്തിച്ചത് എന്ന് ഓർക്കണം. ഇതാണ് ക്രിസ്ത്യൻ സ്വഭാവം. ഇക്കാരണത്താലാണ് വീരസാവർക്കർ മതപരിവർത്തനമെന്നത് രാഷ്ട്രവിരുദ്ധ പ്രവർത്തനമായി തിരിച്ചറിയണമെന്ന് ഓർമ്മിപ്പിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ സംഭവത്തെക്കുറിച്ച് ചരിത്രകാരനായ സർദാർ പണിക്കർ ഇങ്ങനെയഴുതുന്നു: "സിറിയൻ ക്രിസ്ത്യാനികളായി നമ്മുടെ നാട്ടിലെത്തിയവരെ ഏറ്റവും ഹൃദ്യമായാണ് ഇവിടുത്തെ ഹിന്ദുരാജാക്കന്മാർ സ്വീകരിച്ചതും അവർക്ക് ഒരു വിധത്തിലുമുള്ള അതിക്രമങ്ങൾ ഏൽക്കാതെ ശ്രദ്ധിച്ചിരുന്നതും. എന്നിട്ടുപോലും ക്രിസ്ത്യാനികൾ അവർക്ക് ലഭിച്ച ആദ്യത്തെ അവസരത്തിൽ തന്നെ കഴിഞ്ഞുപോയ സംഭവങ്ങളെ മറന്നുകൊണ്ട് പോർച്ചുഗൽ രാജാവിന്റെ അധീനതയിലേക്ക് മാറുകയാണുണ്ടായത്. തങ്ങൾക്കുണ്ടായിരുന്നു എല്ലാ വസ്തുവകകളും പോർച്ചുഗീസ് രാജാവിന് അടിയറവെക്കുകയുമാണ് ചെയ്തത്. തങ്ങളുടെ കൈവശമുണ്ടായിരുന്ന എല്ലാ രേഖകളും അവർ ഗാമക്ക് കൈമാറി. എന്തിനേറെ, അന്നത്തെ ഹിന്ദുരാജാക്കന്മാരെ മുഴുവൻ തോൽപ്പിക്കാൻ തങ്ങൾ സഹായം ചെയ്യാമെന്നും അതിനായി കൊടുങ്ങല്ലൂരിൽ പോർച്ചുഗീസുകാർ ഒരു കോട്ട കെട്ടണമെന്നും അവർ ആവശ്യപ്പെട്ടിരുന്നു. ഇതാണ് ഹിന്ദുരാജാക്കന്മാരോട് തങ്ങൾക്കു നൽകിയ സ്വാതന്ത്ര്യങ്ങൾക്കും സ്നേഹാദരങ്ങൾക്കും പ്രതിഫലമായി അന്നത്തെ ക്രിസ്ത്യാനികൾ ചെയ്തത്".

ഡോ. കെ.എം. പണിക്കരുടെ നേരിട്ടുള്ള ഭാഷയിൽ:

1. One thing of special interest which happened while de Gama was at Cochin was, the interview which took place between him and the representatives of the local Christians. These men, believing that, with the arrival of the Christian Portuguese, the time of good fortunes and greatness had come for them; approached him and offered their allegiance to the king of Portugal. They suggested that, if a for was built by the Portuguese in the area where they were strong, the whole of Kerala could be conquered (P.51-52)

A History of Kerala (1498-1801) by K.M. Panickkar, Published by the Annamalali University, Annamalal Nagar, 1960.

2. The Christians of the Syrian Church had been treated generously by Hindu Rulers who had allowed them to live without molesta-

tion or interference. Even Gouvea, the biographer of the Meneses, states, that their privileges were most religiously guarded by native Rajahs, They lived in religious matters under their own etrans. And yet, though that Hindu Rulers had treated the, like this, at the very first opportunity, theyr hastened to disclaim their allegiance and to accept the soverignty of the King of Portugal.'

3. They surrendered their privileges and authority to Portugal and undertook to conduct their affairs only in the name of the Portuguese king. The ancient records and Insignia which their Chief possessed were also handed over to Gama. More than even this, they suggested to him that with their help he should conquer the Hindu Kingdoms and invited him to build a fortress for this purpose in Cranganore. This was the recompense which the Hindu Rajahs received for treating with liberally and kindness. Christians in their midest (P- 162) Ibid.

ഇതുതന്നെയാണ് സ്വാമി വിവേകാനന്ദനും മതപരിവർത്തന കാര്യത്തിൽ സ്പഷ്ടമാക്കിയിട്ടുള്ളത്. മതപരിവർത്തനം കൊണ്ട് ഹിന്ദുക്കൾക്ക് അവരുടെ ഒരെണ്ണം കുറയുന്നു. മറ്റുള്ളവർക്ക് ഒരെണ്ണം കൂടുന്നു എന്നതു മാത്രമല്ല ഹിന്ദുവിന് അവിടെ ഒരു ശത്രു കൂടിയുണ്ടായി എന്നുവേണം മനസ്സിലാക്കാൻ. ഒരു ഉദാഹരണത്തിലൂടെ ഇത് കുറച്ചുകൂടി വ്യക്തമാക്കാം. കാലിൽ ഒരു മുള്ളുകൊണ്ടാൽ ഉടൻ നമുക്കു മനസ്സിലാവും. അവിടെ വേദനയുണ്ടാവുന്നു. കണ്ണവിടെ എത്തുന്നു. എന്നാൽ ആ മുള്ളെടുക്കാതെ അശ്രദ്ധമായി വിട്ടാൽ അത് വ്രണമായിത്തീരും. മുള്ളെത്ര ചെറുതായാലും അത് ശരീരത്തിൽ ഉള്ളേടത്തോളംകാലം നമുക്ക് വേദനതന്നെയായിരിക്കും. എന്നിട്ടും നാം പറയുകയാണെന്നിരിക്കട്ടെ ആ വ്രണം എന്റെ ശരീരത്തിന്റെ ഭാഗം തന്നെയാണെന്ന്. ഇങ്ങനെ ചിന്തിക്കുന്നയാളെ വിഡ്ഢി എന്നല്ലേ എല്ലാവരും വിളിക്കൂ. സ്വാമിജിയുടെ ഭാഷയിൽ ഇതാണ് ശത്രുമിത്ര ഭാവത്തിന്റെ നിദാനം.

നാടൻ ക്രിസ്ത്യാനികളുടെ റോമാവൽക്കരണം

കൃത്യമായി പറഞ്ഞാൽ മതപരിവർത്തനം എന്ന വാക്ക് പോർച്ചുഗീസുകാരാണ് ആദ്യമായി കേരളത്തിൽ ഉപയോഗിക്കാൻ ആരംഭിച്ചത്. സിറിയൻ ക്രിസ്ത്യാനികളുടെ കാലത്തായിരുന്നു അത്. പിന്നീടാണ് ഹിന്ദുക്ക

ളുടെ മതംമാറ്റത്തിന് അവർ ശ്രമിച്ചത്. പോർച്ചുഗീസുകാരായ റോമൻ ക്രിസ്ത്യാനികളുടെ നോട്ടത്തിൽ മലയാളി അഥവാ മലങ്കര ക്രിസ്ത്യാനികൾ വിശുദ്ധരും നല്ല ക്രിസ്ത്യാനികളും അല്ലായിരുന്നു. അതുകൊണ്ട് മതം മാറ്റാതെ വേറെ വഴികളൊന്നും ഇല്ലായിരുന്നു. അന്നത്തെ നസ്രാണി ക്രിസ്ത്യാനികളെ മുഴുവൻ റോമൻ കത്തോലിക്കാ വിഭാഗത്തിൽ കൊണ്ടുവരാനായി 1599 ജൂൺ 20 ന് കൊച്ചിയിൽ നിന്നും ഏകദേശം 25 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഉദയംപേരൂർ എന്ന സ്ഥലത്ത് ഒരു വലിയ സമ്മേളനം നടത്തി. ഇതിനെയാണ് 'ഉദയംപേരൂർ സുന്നഹദോസ്' എന്നു വിളിക്കുന്നത്. ആ സമ്മേളനത്തിൽ വെച്ചാണ് പോപ്പിന്റെ നേരിട്ടുള്ള 200 -ാളം നിയമങ്ങൾ നാടൻ ക്രിസ്ത്യാനികളുടെ തലയിൽ അടിച്ചേൽപ്പിച്ചത്. ഇതായിരുന്നു ശരിയായ ആദ്യത്തെ മതംമാറ്റം. ആ സമ്മേളനത്തിന്റെ ഫലമായിട്ടാണ് കേരളത്തിലെ ക്രിസ്ത്യാനികളുടെ റോമാവൽക്കരണം നടന്നത്. ഇതാണ് ഭാരതചരിത്രത്തിലെ ആദ്യത്തെ മതപരിവർത്തനം. അങ്ങനെ ഏകദേശം 1300 വർഷങ്ങൾ സിറിയൻ ക്രിസ്ത്യാനികൾ ആചരിച്ചു വന്നിരുന്നതെല്ലാം അവർക്ക് നഷ്ടമായി. എന്തൊക്കെ നഷ്ടപ്പെട്ടു എന്ന് ചില ഉദാഹരണങ്ങൾ മാത്രം.

1. ക്രിസ്ത്യൻ കുട്ടികൾക്ക് ഹിന്ദുപേരുകൾ ഇടുന്നത് നിരോധിച്ചു.
2. സിറിയൻ പാതിരിമാർ അവിവാഹിതരായിരിക്കണമെന്ന നിയമം വന്നു. ഗൃഹസ്ഥരായ വൈദികശൃംഖല ഇല്ലായ്മ ചെയ്തതോടെ ആ പദ്ധതിക്ക് കോട്ടം വന്നു.
3. ക്രിസ്ത്യൻ മിഷനറിമാർക്ക് യൂറോപ്യൻ പാതിരിമാരുടെ മേൽക്കോയ്മ നിർബന്ധമാക്കി.
4. വധു മംഗല്യസൂത്രം ധരിക്കുന്നത് നിരോധിച്ചു.
5. ക്ഷേത്രങ്ങളിൽ പോകുന്നതിനു മുമ്പ് കുളിക്കുന്ന രീതി തെറ്റായ ആചാരമാണെന്നും പള്ളികളിൽ അങ്ങനെയല്ലാതെ പോകുവാൻ അനുവാദവും കൊടുത്തു.
6. ഗോമാംസം കഴിക്കരുത് എന്ന വിലക്ക് എടുത്തുകളഞ്ഞു.
7. ജോതിഷികളുടെ അടുത്ത് പോകുന്നത് തടഞ്ഞു.
8. കേരളത്തിലെ ഓണം, വിഷു തുടങ്ങിയ ഉത്സവങ്ങൾ ആചരിക്കുന്നത് നിരോധിച്ചു.

9. അവരവരുടെ വീടുകളുടെ മുറ്റത്ത് നടത്തിവരുന്ന വിവാഹങ്ങളും മറ്റും പള്ളികളിലേ നടത്താവൂ എന്ന് നിബന്ധന വന്നു.

10. കാതുകുത്ത്, തലയിൽ പൂചൂടൽ, സ്ത്രീകളുടെ ഋതു ആചരണം, പൊട്ടുതൊടൽ തുടങ്ങിയവയെല്ലാം കാട്ടുനിയമങ്ങളാണെന്ന് പറഞ്ഞ് നിഷേധിച്ചു.

11. പുനർജന്മം, കർമ്മഫലം, സ്വർഗ്ഗം, മോക്ഷം തുടങ്ങിയവയെ വർജിക്കാൻ തീരുമാനിച്ചു. ഇതിൽനിന്നെല്ലാം കേരളത്തിലെ ക്രിസ്ത്യാനികളെ ഏതു മാർഗ്ഗത്തിലൂടെയാണ് റോമൻ ക്രിസ്ത്യാനികളാക്കിയത് എന്നു മനസ്സിലാക്കാവുന്നത്.

മതപരിവർത്തനത്തിന്റെ മൂന്നാമത്തെ ഭാഗം തികച്ചും ഇംഗ്ലീഷ് രീതി തന്നെ പിന്തുടർന്ന കൂട്ടരായിരുന്നു. അവരെ 'പ്രൊട്ടസ്റ്റാൻസ്' എന്നാണ് വിളിച്ചത്. അവരുടെ മതപരിവർത്തനത്തിനുള്ള കേന്ദ്രം പോലും ഇംഗ്ലണ്ടിൽ നിന്നായിരുന്നു. അതുകൊണ്ട് അവരെ ആംഗ്ലിക്കൻ (ഇംഗ്ലീഷ്) മിഷനറി എന്നാണ് വിളിച്ചിരുന്നത്. കൽക്കത്തയ്ക്ക് അടുത്തുള്ള 'രാംപൂർ' ആയിരുന്നു അവരുടെ പ്രവർത്തനത്തിന്റെ കേന്ദ്രം.

ഇംഗ്ലീഷുകാർ സൂത്രശാലികളായിരുന്നു. അവരുടെ ലക്ഷ്യങ്ങൾക്ക് കോട്ടം തട്ടരുതെന്ന ഉദ്ദേശ്യത്തോടെ മിഷനറി പ്രവർത്തനത്തെ ന്യായീകരിക്കാനൊന്നും ആദ്യം അവർ ശ്രമിച്ചിരുന്നില്ല. കാലങ്ങൾക്കുശേഷം ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ആളുകൾക്ക് മനംമാറ്റം സംഭവിക്കുകയും പിൻവാതിലിലൂടെ ഈ പ്രവർത്തനങ്ങൾക്ക് താല്പര്യമെടുക്കാനും തുടങ്ങി. ഭാരതത്തിന്റെ ക്രൈസ്തവീകരണം തങ്ങളുടെ ഭരണത്തിന് താങ്ങാവും എന്ന് തിരിച്ചറിഞ്ഞ അവർ 1813 ഇംഗ്ലണ്ടിലെ പാർലമെന്റിൽ അതിനായി ഒരു നിയമം പാസ്സാക്കി. എന്നാൽ അപ്പോഴേക്കും യൂറോപ്പിൽ ജനാധിപത്യത്തിനുള്ള മുറവിളി ഉയർന്നുകഴിഞ്ഞിരുന്നു. ഫ്രാൻസിലെ വിപ്ലവത്തിനുശേഷം അന്തരീക്ഷം ആകെ മാറിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് പോർച്ചുഗീസുകാർക്ക്, റോമിൽ കാത്തലിക് സമൂഹം ഉണ്ടാക്കിയതുപോലെ ഒരു പദ്ധതി നടപ്പിലാക്കാൻ തങ്ങളാൽ ആവുകയില്ല എന്ന് ബ്രിട്ടീഷുകാർക്ക് മനസ്സിലായി. അതിനായി ഒരു മോഹനാസ്ത്രം കണ്ടെത്തി. അതായിരുന്നു പുതിയ വിദ്യാഭ്യാസപദ്ധതി. ചരിത്രത്തെ പുതിയതായി ആഖ്യാനം ചെയ്യുക, തെറ്റായ ചിന്തകൾ പരത്തുക തുടങ്ങിയവയായിരുന്നു അവ. ചുരുക്കിപ്പറഞ്ഞാൽ വിദൂരർ പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ബ്രിട്ടിഷുകാർ നടപ്പിലാക്കാൻ തുടങ്ങി. അതെന്താണ്?

ഏകം വിഷരസം ഹന്തി, ശസ്ത്രേണൈകേവഹന്തേ,
സരാഷ്ട്രം സപ്രജം ഹന്തി, രാജാനാം മന്ത്രവിപ്ലവഃ

വിഷം കുടിച്ചാൽ കുടിച്ചവനേ മരിക്കൂ. ആയുധം കൊണ്ട് വെട്ടേറ്റവനേ മരിക്കൂ. എന്നാൽ ചിന്താക്കുഴപ്പങ്ങളിൽപ്പെട്ടാൽ രാജാവും പ്രജയും രാജ്യവും നശിക്കുന്നു. (വിദുരനീതി) ബ്രിട്ടീഷുകാരുടെ പദ്ധതി ഇതായിരുന്നു. അതിലൂടെ അവർ വിജയിക്കുകയും ചെയ്തു.

ഭാഷകളിൽ കൂടിയുള്ള നുഴഞ്ഞുകയറ്റങ്ങൾ

ഹിന്ദുക്കളെ അഹിന്ദുക്കളാക്കുക. അഹിന്ദുകരിച്ചവരെ ക്രിസ്ത്യാനികളാക്കുക. അതായിരുന്നു അവരുടെ ആക്രമണരീതി. ഇത് റോമൻ കാത്തലിക് ചർച്ചും ഇംഗ്ലീഷ് ചർച്ചും സംയുക്തമായി മെനഞ്ഞെടുത്ത പദ്ധതിയായിരുന്നു. ഓരോ പ്രദേശത്തെയും പ്രാദേശികഭാഷകളെ ഇല്ലാതാക്കി അവിടെയൊക്കെ ഇംഗ്ലീഷ് ഭാഷ കൊണ്ടുവരിക എന്നത് അവരുടെ പരിപാടിയായിരുന്നു. ഇതിൽനിന്നും വ്യത്യസ്തമായി മതപരിവർത്തനം ശീഘ്രഗതിയിൽ മുന്നേറാനായി അതത് പ്രാദേശികഭാഷയിൽ നിഘണ്ടുക്കൾ പ്രസിദ്ധീകരിച്ചു. അങ്ങിനെയാണ് മലയാളത്തിൽ ഗുണ്ടർട്ടിന്റേയും കന്നടയിൽ ഫാ. കിട്ടേലിന്റെയും കൊങ്കണിയിൽ ഫാ: സ്റ്റീഫൻ സൺസിന്റേയും സംസ്കൃതത്തിൽ ഫാദർ മോനിയർ വില്യംസിന്റെയും മറ്റു നിഘണ്ടുക്കൾ പുറത്തു വന്നത്. അവരെല്ലാം തങ്ങൾ പ്രസിദ്ധീകരിച്ച നിഘണ്ടുക്കളുടെ മുഖവുരയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒരുകാര്യം ഈ ഗ്രന്ഥത്തിന്റെ സഹായത്തോടെ മതപരിവർത്തനം എന്ന കാര്യം കൂടുതൽ ഫലവത്തായി നടത്താൻ കഴിയും എന്ന് ആശിക്കുകയാണ് ചെയ്തിട്ടുള്ളത്. ഉദാഹരണത്തിന് മറാഠി നിഘണ്ടുവിന്റെ ആമുഖത്തിൽ ഗ്രന്ഥകർത്താവ് മോഡേസ വർത്ത് പറയുന്നത് ശ്രദ്ധിക്കുക.

" ഈ പുസ്തകം കഴിഞ്ഞ ആറുവർഷത്തെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ഉണ്ടായതാണ്. പ്രസിദ്ധമായ സുവിശേഷം പ്രചരിക്കണം എന്ന അതിയായ ആഗ്രഹത്തോടെയാണ് ഈ പരിശ്രമം നടത്തിയിട്ടുള്ളത്. ഈ പരിശ്രമത്തിനിടയിലും പലതരത്തിലുള്ള ശാരീരിക, മാനസിക നിരുത്സാഹപ്പെടുത്തലുകളും ഉണ്ടായിട്ടുണ്ടെങ്കിലും ആ ലക്ഷ്യത്തിന്റെ പേരിൽ അവയൊക്കെ അവഗണിച്ചാണ് ഇത് ചെയ്തുതീർത്തിട്ടുള്ളത്."

പ്രാദേശികഭാഷകളുടെ വളർച്ചയ്ക്ക് ക്രിസ്ത്യൻ പാതിരിമാരുടെ സംഭാവനകൾ ഇന്ന് ഒരു പഠനവിഷയം തന്നെയാണല്ലോ. എന്നാൽ അതൊരു അനിവാര്യമായ പരിണാമം മാത്രമായിരുന്നു എന്ന് നാം മറന്നുപോവുന്നു.

ശരിയായി അപഗ്രഥിച്ചാൽ മതപരിവർത്തനത്തിനുള്ള എല്ലാ സാമഗ്രികളും ഒരുക്കൂട്ടുക എന്നതായിരുന്നു അവരുടെ പരിപാടി. അച്ചടിശാലകളുടെയും അച്ചടിസാഹിത്യങ്ങളുടെയും പ്രസിദ്ധീകരണവും അവയുടെ ചരിത്രവും ഇതിന് ധാരാളം ഉദാഹരണങ്ങൾ നൽകുന്നവയാണ്. 'ബംഗാളി സമാചാർ ദർപ്പണം' അതിലൊന്നാണ്.

ഇംഗ്ലീഷ് മിഷനറികളുടെ പ്രവർത്തനം ഒരു സൈനിക ആക്രമണപദ്ധതിക്ക് സമാനമായിരുന്നു. പ്രവർത്തനമേഖലയെ വിശദമായി പഠിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി ഭൂപടങ്ങളും സർവ്വേകളുമൊക്കെ തയ്യാറാക്കിയിരുന്നു. ഭരണത്തിന്റെ സഹായത്തോടെയാണ് ഇവയൊക്കെ ചെയ്തിരുന്നത്. ഓരോ നഗരങ്ങളിലും ഭരണകൂടം നേരിട്ട് ഇടപെട്ട മിഷനറി പ്രവർത്തനത്തിന് കേന്ദ്രങ്ങളാക്കാൻ പറ്റിയ പ്രധാനപ്പെട്ട ഭൂമിയും മറ്റുമാണ് കൈമാറ്റം ചെയ്തിരുന്നത്. ഇതിന്റെ ഫലമായി എല്ലാ നഗരങ്ങളുടേയും ഹൃദയഭാഗത്ത് കൊട്ടാരസദൃശ്യങ്ങളായ കെട്ടിടസമുച്ചയങ്ങൾ ഉയർത്താനും അവർക്ക് കഴിഞ്ഞു. അങ്ങിനെയാണ് പൂർണ്ണ ഹിന്ദുപ്രദേശങ്ങളിൽ 'സെമിനാരി' എന്ന പേരിൽ മതപരിവർത്തന പരിശീലനകേന്ദ്രങ്ങൾ ഉയർന്നുവന്നത്.

ഗിരിജനങ്ങളുടെ പേരിൽ ഉണ്ടാക്കിയ ചിന്താക്കുഴപ്പം

ആര്യനാക്രമണം, ആദിവാസി തുടങ്ങി സംശയങ്ങളുണ്ടാക്കുന്ന പദാവലികൾ, മിഷനറികൾ ആദ്യംതന്നെ പ്രചരിപ്പിച്ചിരുന്നു. എന്നാൽ അവയുടെ ലക്ഷ്യം മതംമാറ്റത്തിനു വിധേയമാക്കേണ്ട സമൂഹമായിരുന്നു. മതപരിവർത്തനത്തിനുവേണ്ടി വളരെ വിശാലമായ ഒരു മേഖല തങ്ങൾക്ക് ലഭിക്കാൻ പോകുന്നു എന്ന ദീർഘവീക്ഷണം കൊണ്ട് പരമ്പരാഗതമായ ചിന്തകൾക്ക് വിരുദ്ധമായി ഗിരിജനങ്ങൾ ഹിന്ദുക്കൾ അല്ല എന്ന പ്രചരണം അവർ ആരംഭിച്ചു. വനവാസികൾക്ക് പ്രത്യേകം ധർമ്മമോ, ആചാരപദ്ധതികളോ, അനുഷ്ഠാനരീതികളോ ഇല്ലെന്ന് അവർ വാദിച്ചു. വനവാസികൾ കല്ലിനേയും വൃക്ഷങ്ങളേയും ഭൂതങ്ങളേയും മറ്റും ആരാധിക്കുന്നു എന്നും അവർ വ്യാഖ്യാനിച്ചു. വൈദിക മതാനുയായികളല്ല ഇവർ പകരം പ്രകൃതി പൂജകരാണ് എന്നൊക്കെയാണ് മിഷനറികൾ പ്രചരിപ്പിച്ചത്. അതു മാത്രമല്ല, തങ്ങൾ ആദിവാസികളെ മതപരിവർത്തനം ചെയ്യുന്നില്ല. ആർക്കൊക്കെയാണോ സ്വന്തമായി ഒരു മതവുമില്ലാത്തത് അവർക്ക് മതം നൽകുക മാത്രമാണ് ഞങ്ങൾ ചെയ്യുന്നത് എന്നവകാശപ്പെട്ടു. ഇക്കാര്യം

ഹിന്ദുസമാജത്തിന് എത്രമാത്രം അപകടകാരിയാണെന്ന് ആലോചിച്ച് നോക്കൂ. ഇതിനായി ഇംഗ്ലീഷുകാർ സെൻസസ് രൂപരേഖയിൽ മാറ്റം വരുത്തി ഗിരിജനവിഭാഗത്തെ പ്രത്യേകമായി തിട്ടപ്പെടുത്താനും പരിശ്രമം നടത്തി. ഈ ഗൂഢാലോചനയ്ക്ക് സഹായകമായി ബേരിയർ അൽവിൻ എന്ന വ്യക്തി ഒരു പുസ്തകവും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പിന്നീട് ഈ ബേരിയൻ അൽവിനാണ് പ്രധാനമന്ത്രി നെഹ്രുവിന്റെ ഗിരിവർഗസംബന്ധിയായ വിഷയങ്ങൾക്കുള്ള ഉപദേഷ്ടാവായി മാറിയത്!

ദേശീയ സമരങ്ങളിൽ

ചൈനയിലെ ഭാരതത്തിന്റെ അംബാസഡറായിരുന്നു കെ.എം. പണിക്കർ. അദ്ദേഹം തന്റെ 'ഫൗണ്ടേഷൻ ഓഫ് ന്യൂ ഇന്ത്യ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതി: " ഈ ക്രിസ്ത്യാനികൾ കാലങ്ങളായി ഇവിടെ ജീവിച്ചു വന്നവരാണ്. എന്നിട്ടും 1921-ലെ നിസ്സഹകരണ സമരത്തിൽ കേവലം ജോർജ്ജ് ജോസഫ് എന്ന ഒരു വ്യക്തി മാത്രമാണ് പങ്കെടുത്തത്". ശ്രീ പണിക്കർ പിന്നെയുമെഴുതുന്നു: " ഈ ജോർജ്ജ് ജോസഫ് സത്യത്തിൽ റോമൻ കാത്തലിക് ആയിരുന്നില്ല. എ.ഡി. 52 ൽ ഇവിടെ എത്തിച്ചേർന്ന ക്രിസ്ത്യാനികളുടെ പരമ്പരയിൽപ്പെട്ട ആളായിരുന്നു അദ്ദേഹം'. മഹാത്മാഗാന്ധി നയിച്ച ആദ്യത്തെ ദേശീയ സമരത്തിന് എതിരായി പ്രമേയം പാസാക്കുകയാണ് അവർ ചെയ്തത്. ആ പ്രമേയത്തിൽ പ്രസ്തുത സമരം ഭാരതത്തിന് ആത്മഹത്യാപരവും വിനാശകാരിയുമാണ് എന്നായിരുന്നു എഴുതിയിരുന്നത്.

With the growing estrangement between British Government to which Christians as a community look for encouragement and the nationalist movement whose avowed object was to recover India s freedom the Christian community found itself placed in a very difficult dilemma. (P. 52)

.....It is remarkable that the first great non-cooperation movement of Mr. Gandhi (1920-23) failed to move the community and only one Christian of any standing. joined the nationalist struggle and he, George Joseph, was one of the authentic St. Thomas Christians of India and not a convert of the missionaries (P.53) FOUNDATIONS OF NEW INDIA SARDAR K.M. PANIKKAR.

ഇവിടെ വിചിത്രമായ മറ്റൊരു സത്യം കൂടി ഓർക്കേണ്ടതുണ്ട്. 1921-ൽ

കൽക്കത്തയിൽ വെച്ചു കൂടിയ അഖിലേന്ത്യാ ബിഷപ്പ് സമ്മേളനത്തിൽ മഹാത്മാഗാന്ധിയുടെ ദേശീയ പ്രക്ഷോഭത്തിനെതിരായി ഐകൃകണ്ഠേന ഒരു പ്രമേയവും പാസ്സാക്കുകയുണ്ടായി. അതിൽ പറഞ്ഞിരുന്നത് ഈ പ്രക്ഷോഭം ഇന്ത്യൻ രാഷ്ട്രത്തിന് ആത്മഹത്യാപരവും തീർത്തും ദ്രോഹ കരവുമാണെന്നാണ്.

വിപുലമായ ഗൂഢാലോചന

ഗിരിവർഗ്ഗങ്ങളുടെ മതപരിവർത്തനം മാത്രമല്ല നമുക്കു ഭീഷണി. ആരു ടേയും ഏതു രീതിയിലുള്ള മതപരിവർത്തനവും നമുക്ക് ഭീഷണിയാണ്. അതുകൊണ്ട് മതപരിവർത്തനത്തെ ഗോത്രവർഗ്ഗവിഭാഗങ്ങളുടെ ഒരു പ്രശ്നമായി പരിമിതപ്പെടുത്താതെ അതിന്റെ വിപുലമായ ദുഷ്ഫലങ്ങളെ നാം മറക്കാതിരിക്കണം.

രാഷ്ട്രീയവും സാമൂഹ്യവും ദേശീയവും ആയ കോണുകളിലൂടെ ജന ജാതി വിഭാഗങ്ങളുടെ മതപരിവർത്തനത്തിന്റെ അപകടങ്ങൾ പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. പ്രാരംഭകാലങ്ങളിൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ധർമ്മാചരണ വിഷയങ്ങളിൽ തങ്ങൾക്ക് പ്രത്യേകമായി അഭിപ്രായങ്ങ ളൊന്നുമില്ല എന്നും അതിന് തടസ്സങ്ങളൊന്നുമുന്നയിക്കില്ലെന്നുമാണ് പറ ഞ്ഞിരിക്കുന്നത്. എന്നാൽ അവരിൽ ഒരു പ്രത്യേക Evangelist (സുവിശേ ഷ) പ്രവർത്തക വിഭാഗമുണ്ടായിരുന്നു. അവർക്ക് സമ്പൂർണ്ണ ഭാരത ത്തെയും മതപരിവർത്തനം നടത്തണമെന്ന അതിയായ ആഗ്രഹം ഉണ്ടാ യിരുന്നു. ഈ ഗ്രൂപ്പിന്റെ നേതാവായിരുന്നു വില്യം വിൽബർ ഫോഴ്സ്. അദ്ദേഹം 1813-ൽ ബ്രിട്ടീഷ് പാർലമെന്റിൽ ഒരു പ്രമേയം അവതരിപ്പിച്ചു. എന്തായിരുന്നു അത്? എവിടെയൊക്കെയാണോ ബ്രിട്ടീഷ് കോളനികൾ ഉള്ളത് അവിടത്തെ ജനങ്ങളെ മുഴുവൻ ക്രിസ്ത്യാനിയാക്കുകയും അതി ലൂടെ ബ്രിട്ടീഷ് സംസ്കാരവും ബ്രിട്ടീഷ് ഭരണവും എല്ലാം ഉറപ്പിക്കുവാൻ കഴിയും. ഏഴ് ദിവസത്തോളം ഈ ചർച്ച അവിടെ നടത്തി. പ്രമേയം പാസ്സാ ക്കി. അന്നുമുതൽ 1947 വരെ അതിനായി ഇവിടെയൊരു സർക്കാർ ഡിപ്പാർട്ടു മെന്റുപോലുമുണ്ടാക്കി. അതിന്റെ പേരാണ് E.D. (Ecliciastical Department) എന്നു വെച്ചാൽ പള്ളി വിഭാഗം എന്നു തന്നെ. ഇതിനായി ആർച്ച് ബിഷപ്പും ബിഷപ്പുമെല്ലാം ഉണ്ടായിരുന്നു. ഈ ഡിപ്പാർട്ടുമെന്റ് മുഖാന്തി രമാണ് ജബൽപൂർ നഗരത്തിൽ ഏറ്റവും കണ്ണായ സ്ഥലം മിഷനറിക്കു കിട്ടിയത്. ബോംബെയിലൂടെ മറ്റെല്ലായിടത്തും ഏറ്റവും നല്ല സ്ഥലം നോക്കിയാണ് ഡിപ്പാർട്ടുമെന്റ് മുഖാന്തിരം ക്രിസ്ത്യാനികൾക്ക് നൽക

പ്പെട്ടത്. പ്രയാഗയിലും ഇതുതന്നെ സംഭവിച്ചു. ഇതിന് ഈസ്റ്റിന്ത്യാ കമ്പനി ഉദ്യോഗസ്ഥരുടേയും അതിനുശേഷം ബ്രിട്ടീഷ് രാജ്ഞിയുടേയും മറ്റും പൂർണ്ണമായ പിന്തുണയും ലഭിച്ചിരുന്നു. 1935-ൽ സംസ്ഥാന സർക്കാരുകൾ ഉണ്ടായ ശേഷവും ഈ ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുകയുണ്ടായി. അതിന്റെ ആദ്യത്തെ ചുവടുവെയ്പ്പായിരുന്നു ഉന്നതകുലജാതരായ വ്യക്തികളെ മതംമാറ്റുക എന്നത്. അതിനായി ക്ഷത്രിയ - ബ്രാഹ്മണ വിഭാഗങ്ങളിലേക്ക് അവരുടെ ശ്രദ്ധ ഊന്നുകയുണ്ടായി. എന്നാൽ ഇതിലവർ പരാജയപ്പെട്ടു. അവർക്കുണ്ടായ സന്തതികൾ പിന്നെയും ഹിന്ദുക്കളായിത്തീരുകയാണുണ്ടായത്. ഇതിൽ മിഷനറികൾ നിരാശരായി. ഇതേക്കുറിച്ച് 'അമേരിക്കൻ മിഷനറികളുടെ ചരിത്രം' എന്ന പുസ്തകത്തിൽ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്. ഹിന്ദു എന്നു പറഞ്ഞാൽ ഒരുതരം പ്രത്യേക ജീവിയാണ്. നമ്മുടെ സ്കൂളുകളിൽ അവരുടെ കുട്ടികളെ പഠിക്കാൻ അയയ്ക്കുന്നു. നമ്മുടെ ആശുപത്രികളിൽ ചികിത്സ അവർ സ്വീകരിക്കുന്നു. സേവനങ്ങൾ വളരെയധികം അവർ നേടുന്നു. എന്നാലും മതത്തിന്റെ കാര്യം വരുമ്പോൾ അതുപേക്ഷിക്കാൻ അവർ തയ്യാറാവുന്നില്ല". ഇപ്രകാരമാണ് എഴുതിയിട്ടുള്ളത്. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ അവർ തീരുമാനിച്ചു. ഇനി ഇതുപോലുള്ള വിഭാഗങ്ങളുടെ ഇടയിൽ പ്രവർത്തിച്ചതുകൊണ്ട് പ്രത്യേക വിശേഷമൊന്നുമില്ല. എന്നാൽ ആ സ്ഥാനത്ത് ഗിരിവർഗ്ഗ വിഭാഗങ്ങളെ മതപരിവർത്തനം ചെയ്യുക എന്ന ലക്ഷ്യം ഉറപ്പിക്കുകയും ചെയ്തു. ചൂണ്ടയിട്ട് മത്സ്യം പിടിക്കുന്നതിനുപകരം വലവീശി മൊത്തത്തിൽ പിടിക്കുക എന്ന ഗൂഢതന്ത്രം അവർ ഒരുക്കി. ഓരോ ഗിരിവർഗ്ഗത്തേയും പ്രത്യേകം പ്രത്യേകം തരംതിരിച്ച് അതിലോരോന്നിനേയും മതപരിവർത്തനം ചെയ്യാനുള്ള പരിശ്രമമാണ് പിന്നീട് നടത്തിയത്. വിശാലമായ ഗിരിവർഗ്ഗ വിഭാഗത്തിൽ മുങ്ങാതെ അവരീ പ്രവർത്തനം നടത്തി. നാഗാലാന്റിലോ ദീമാപൂരിലോ ഉത്തരപൂർവാഞ്ചലിലോ എവിടെയാണെങ്കിലും അവിടെയൊക്കെ പ്രത്യേകം ക്ഷേത്രങ്ങളും ആചാരങ്ങളും ഉണ്ടുതാനും. ഇതിനെ ചൂണ്ടിക്കാണിച്ച് ക്രിസ്ത്യൻ പാതിരിമാർ പറഞ്ഞിരുന്നു. 'നോക്കൂ, ഞങ്ങൾക്ക് ജാതിഭേദമില്ല, ക്രിസ്ത്യാനികളെല്ലാം യേശുവിന്റെ ശിഷ്യന്മാരാണ്'. എന്നിരുന്നാലും പിന്നീടവർ ഇവിടങ്ങളിൽ ഗോത്രവിഭാഗങ്ങളുടെ വിവിധ ആചാരങ്ങളെ സംരക്ഷിക്കുകയാണ് ചെയ്തത്. ഇത് ഇന്നത്തെ രാഷ്ട്രീയക്കാരുടെ ബ്ലോക്ക് വോട്ടുപിടുത്തം പോലെയാണ്. രണ്ടോ മൂന്നോ ഗോത്രമുഖ്യന്മാരെ വശത്താക്കുന്നതോടുകൂടി മുഴുവൻ

സമൂഹവും അവരോടൊപ്പം ചേരുന്നതായാണ്കണ്ടുവന്നത്. ചെറിയ പ്രയത്നംകൊണ്ട് വലിയ ഫലം ലഭിക്കുന്നു. അതിനാൽ മിഷനറികൾ ഗോത്രവർഗ്ഗങ്ങളിലെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുകയാണുണ്ടായത്.

വേറൊരു കാരണം ഹിമാലയം മുതൽ കന്യാകുമാരി വരെ സമ്പൂർണ്ണ ഭാരതത്തിലും മുഴുവൻ ഗോത്രവിഭാഗങ്ങളും തങ്ങളുടെ സ്വാതന്ത്ര്യത്തിനായി പടപൊരുതുകയുണ്ടായി. ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. ഏറ്റവും തെക്ക് കേരളത്തിലെ ഒരു വനവാസി വിഭാഗമാണ് കുറിച്ച്യർ. സഹ്യാദ്രിയുടെ താഴ്വരകളിലാണ് അവർ ജീവിച്ചിരുന്നത്. 12 വർഷത്തോളം ഈ വിഭാഗം ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്തിരുന്നു. അതേരീതിയിൽ ബീഹാറിലെ സന്താൾ, മുണ്ട വിഭാഗങ്ങളും ഇതാണ് ചെയ്തത്. ഇതിൽനിന്നെല്ലാം ഭാരതത്തിലെ ഒരൊറ്റ ഗോത്രവിഭാഗവും തങ്ങളോടൊപ്പം നിൽക്കാൻ തയ്യാറല്ല എന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കി. ഇതിനു കാരണമെന്താണ്? അന്ന് വനങ്ങൾ മുഴുവൻ വനവാസികളുടേതായിരുന്നു. ഇംഗ്ലീഷുകാർ ഈ അധികാരത്തിൽ കൈവച്ചു. പരമ്പരാഗതമായി വനവാസി ഭൂമി മുഴുവൻ സർക്കാരധീനത്തിലായി. ഭാരതത്തിൽ ഇംഗ്ലീഷുകാരുടെ വരവിനു മുമ്പുവരെ മുസ്ലീം അക്രമണകാലത്തും ഭരണകാലത്തും ഭൂമിയുടെ അവകാശികളെ അതിൽനിന്നും വിലക്കിയിരുന്നില്ല. സർക്കാരുകൾ ഭൂമിയുടെ അവകാശികളുമായിരുന്നില്ല. എന്നാൽ ബ്രീട്ടീഷുകാരുടെ വരവോടെ ഈ സ്ഥിതി മാറി. അതിന്റെ ഫലമായി ഇന്നലെവരെ വനത്തിന്റെ ഉടമകളായിരുന്നവർ പൊടുന്നനെ കയ്യേറ്റക്കാരായി മാറി. എന്നാൽ വനവാസി സഹോദരങ്ങൾ ചിന്തിച്ചു. ഇവരാരാണ്? നമ്മുടെ വനങ്ങൾക്കവകാശിയാകാൻ ഇവർക്കധികാരം കൊടുത്തു? വനം മുഴുവൻ തങ്ങളുടേതാണ്. അതിന്റെ പരമ്പരാഗത അവകാശികളാണ് ഞങ്ങൾ. അതിലെ വിഭവങ്ങളും ഞങ്ങൾക്കുള്ളതാണ്. ഈ കാര്യത്തിന് തടസ്സം ഉണ്ടായതു മുതൽ സമ്പൂർണ്ണ ഭാരതത്തിലെയും വനവാസികൾ സ്വാതന്ത്ര്യസമരത്തിന് മുന്നിട്ടിറങ്ങുകയാണുണ്ടായത്. ഇത് നേരിട്ടുകണ്ട ബ്രിട്ടീഷുകാർ വനവാസികളെ മുഴുവൻ തങ്ങളുടെ കൈപ്പിടിയിലൊതുക്കാൻ മതംമാറ്റമെന്ന മാസ്മരിക വലവീശുകയാണ് ചെയ്തത്. ഇതിൽ ബിർസാമുണ്ട പോലും ആദ്യകാലത്ത് വശംവദനായിരുന്നു. ഗിരിജനങ്ങളെ മുഴുവൻ ക്രിസ്ത്യാനിയാക്കാൻ കഴിഞ്ഞാൽ പിൽക്കാലത്ത് ഇവർ നമുക്ക് മുതൽക്കൂട്ടായിരിക്കും എന്നുമവർ കരുതി.

മൂന്നാമതായി ഭാവിയെ ലക്ഷ്യമാക്കി അവർ ചെയ്തത് ആര്യസമാജം,

ബ്രഹ്മസമാജം തുടങ്ങിയ സംഘടനകളിലൂടെ പുനഃപരിവർത്തനം നടക്കരുത് എന്ന ലക്ഷ്യത്തോടെ ഒരു നിയമം കൊണ്ടുവന്നു. അതായിരുന്നു Permit System - അനുവാദ വ്യവസ്ഥ. ഗിരിവർഗ്ഗക്കാരുടെ തനിമ കാത്തു രക്ഷിക്കാൻ മറ്റാരും അവർക്കിടയിൽച്ചെന്ന് ഇടപെടരുതെന്നായിരുന്നു അതിന്റെ കാതലായ വശം. എന്നാൽ ഈ വിലക്കിൽനിന്നും പൂർണ്ണമായും വിമുക്തരായിരുന്നു മിഷനറിമാർ. അവർക്കവിടെ പ്രവർത്തിക്കാൻ സർവ്വ വിധ സൗകര്യങ്ങളും നൽകുകയും ചെയ്തിരുന്നു.

ഇത്തരത്തിൽ ഒരു വലിയ തന്ത്രം ആസൂത്രണം ചെയ്ത് ക്രിസ്ത്യാനികൾ പ്രവർത്തനമാരംഭിച്ചു. എന്നാൽ അവിടെയും ശക്തമായ പ്രതിഷേധങ്ങളാണുണ്ടായത്. ഇതിനെതിരായി എല്ലായിടത്തും വനവാസികൾ ബ്രിട്ടീഷുകാർക്കെതിരായി രക്തരൂഷിതങ്ങളായ സമരങ്ങളാണ് നടത്തിയത്. ഇതൊക്കെയുണ്ടായിട്ടും ഇംഗ്ലീഷുകാർ പ്രലോഭിപ്പിച്ചും ഗൂഢതന്ത്രങ്ങളുപയോഗിച്ചും വനവാസികളെ പതുക്കെ പതുക്കെ ക്രൈസ്തവീകരിച്ചുകൊണ്ടിരുന്നു. തുറന്ന ഒരു അവസരമാണ്. ലഭിച്ചിരുന്നതെങ്കിൽ രാമകൃഷ്ണമിഷന്റെയോ ആര്യസമാജത്തിന്റെയോ പ്രവർത്തകർ അവിടെയെത്തിയേനെ എന്നെനിക്കു തോന്നുന്നു. ഇങ്ങനെ എന്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇത് പറയാൻകഴിയും. പ്രാചീനകാലത്ത് വിദൂരസ്ഥങ്ങളായ ദ്വീപസമൂഹങ്ങളിൽ പോലും ഹിന്ദുക്കൾ ജീവിച്ചിരുന്നു. അവിടങ്ങളിൽ ക്ഷേത്രങ്ങളും ഭജനകളും രാംലീല ഉത്സവങ്ങളും നടത്തിയിരുന്നു. എന്തുകൊണ്ടെന്നാൽ അവിടെയൊക്കെ ആര്യസമാജിക പ്രവർത്തകർ എത്തിയിരുന്നു എന്നതാണ് വാസ്തവം. മൗറീഷ്യസ്, കെനിയ തുടങ്ങിയ സ്ഥലങ്ങളിൽ അവർ പോയിരുന്നു. ഭാരതത്തിന്റെ അതിരുകളെ കടന്ന് കടൽ താണ്ടിയാണ് പോയിരുന്നത്. അക്കാലത്ത് കടൽതാണ്ടുന്നതിന് പ്രതിബന്ധങ്ങളൊന്നുമുണ്ടായിരുന്നില്ല. കടലുകളെന്നോ നദികളെന്നോ നോക്കാതെ അതു മുഴുവൻ താണ്ടി മൊറീഷ്യസ് പോലുള്ള രാജ്യങ്ങളിൽ എത്തപ്പെട്ട ഹിന്ദുധർമ്മപ്രചാരകർക്ക് നാഗഭൂമിയിലും എത്താൻ കഴിയുമായിരുന്നില്ലേ? തീർച്ചയായും കഴിയുമായിരുന്നു. എന്നാൽ അവിടം നിരോധിത മേഖലയായി. ഇതിന്റെ ഫലമായി മിഷനറിമാർക്ക് ആ പ്രദേശങ്ങൾ കുത്തക പോലെ ലഭിക്കുകയും മതപരിവർത്തനം എന്ന കാര്യം അക്കാലം മുതൽ ചെയ്യുകയും ചെയ്തിരുന്നു.

ബ്രിട്ടീഷ് കാഴ്ചപ്പാടിന്റെ ഫലം

അന്ന് മതപരിവർത്തനത്തിന്റെ മുഴുവൻ ആളുകളും ഇംഗ്ലീഷ് മിഷന

റിമാരായിരുന്നു. മൈക്കിൾ സ്കോട്ട് തുടങ്ങിയ ഇംഗ്ലീഷ് മിഷനറിമാർ ഉദാഹരണം. അവർ ബ്രിട്ടീഷ് ഭരണത്തെ പിന്താങ്ങുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി അവരുടെ പ്രവർത്തനം ആ പ്രദേശങ്ങളിൽ തുടർന്നു. അതിർത്തിപ്രദേശങ്ങൾ മുഴുവൻ മതംമാറ്റപ്പെട്ട ക്രിസ്ത്യാനികൾ ബ്രിട്ടീഷ്ഭരണത്തെ അനുകൂലിക്കുന്നവരായി മാറി. ഭാരതത്തിൽ എല്ലാ സംസ്ഥാനങ്ങളുടേയും പുനർനിർണ്ണയം നടന്നപ്പോൾ ഓരോ പ്രദേശവും ഭാരതീയഭാഷകളിൽ നാമകരണം ചെയ്യുകയാണുണ്ടായത്. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഗുജറാത്ത്, തമിഴ്നാട് ഇവയൊന്നും ഇംഗ്ലീഷിലല്ല ഉണ്ടായത്. എന്നാൽ നാഗാലാന്റ് എന്ന പ്രദേശം എന്തുകൊണ്ട് നാഗഭൂമിയോ അരുണാചൽപ്രദേശ് പോലെ നാഗപ്രദേശോ ആയില്ല? പകരം നാഗാലാന്റ് ആവുകയാണുണ്ടായത്. ഇതിനർത്ഥം ഇംഗ്ലീഷ് സ്വാധീനം അത്രമാത്രം അവിടെയായി എന്നാണ്. ചെറിയ ഉദാഹരണമാണെങ്കിലും അവിടുത്തെ മാനസികാവസ്ഥയാണ് ഇത് കാണിക്കുന്നത്. ഈ വിഷയത്തിന്റെ ഒരംശം മാത്രമേ ഞാനിവിടെ പറഞ്ഞിട്ടുള്ളൂ. ഇതു മാത്രമല്ല, ഭാരതം വിട്ടു ബ്രിട്ടീഷുകാർ പോകുമ്പോൾ ഇവിടുത്തെ പ്രദേശങ്ങളിൽ വിഘടനത്തിന്റെ വിഷബീജം വിതച്ചിട്ടുമാണ് പോയത്. ഇതിന്റെ ഫലമായി നാഗാലാന്റ് വേറെ ഭാരതം വേറെ എന്ന സ്ഥിതിവന്നു. ഏഷ്യയിലും മിഷനറിമാരുടെ സമ്മേളനം നടക്കാറുണ്ട്. മുഴുവൻ ഏഷ്യയിലും മതപരിവർത്തന പ്രവർത്തനങ്ങൾ എങ്ങിനെ നടക്കുന്നു, ഭാവിയിൽ എങ്ങനെ നടത്തണം, ഈ പ്രവർത്തനങ്ങൾക്ക് നേരിടേണ്ടിവന്നിട്ടുള്ള വിഷമതകൾ എന്നിവയൊക്കെ അതിൽ അവതരിപ്പിക്കപ്പെട്ടിരുന്ന വിഷയങ്ങൾ. അവിടെ നടന്നിട്ടുള്ള ചർച്ചകളുടെ സാരാംശം എല്ലാ സ്ഥലത്തും എത്തിക്കുന്നതിനായി അതാത് പ്രദേശങ്ങളിൽ സിനഡുകൾ (സമ്മേളനം) നടത്തുകയും ചെയ്തിരുന്നു. ഏറ്റവും അവസാനം നടന്ന ഏഷ്യൻ സമ്മേളനത്തിനു വേണ്ടി സ്ഥലം അന്വേഷിച്ചപ്പോൾ ഏഷ്യയിലെ ചൈന, ജപ്പാൻ, ബർമ്മ, ശ്രീലങ്ക തുടങ്ങിയ ഒരു രാജ്യവും അത് സ്വീകരിക്കാൻ തയ്യാറായില്ല. അവസാനം തങ്ങളുടെ മിടുക്ക് കൊണ്ട് ഭാരതത്തിൽ നടത്താനും അതിൽ പോപ്പ് ഭാരതത്തിന്റെ അതിഥിയായി വരാനും അനുമതിയായി. അതിഥിയുടെ ധർമ്മംപോലെ ഗൃഹസ്ഥർക്കും ഒരു ധർമ്മമുണ്ട്. ആതിഥേയർ അവരുടെ ധർമ്മം കൃത്യമായി പാലിച്ചു. എന്നാൽ അതിഥി ആതിഥേയരോട് പെരുമാറേണ്ട രീതിയിൽ പെരുമാറിയില്ല എന്നു മാത്രമല്ല ആതിഥേയരെ അപമാനിക്കുകയും ചെയ്തു. പോപ്പ് ഇവിടെ വന്നിട്ട് പറഞ്ഞത് - ഞാൻ

ഇത്തവണ ഇവിടെ വന്നത് എന്തിനാണെന്ന് അറിയാമോ? ആദ്യത്തെ സഹസ്രാബ്ദത്തിൽ മുഴുവൻ യൂറോപ്പിലും യേശുവിന്റെ നാമം പ്രചരിപ്പിച്ചു. രണ്ടാമത്തെ സഹസ്രാബ്ദത്തിന്, ആസ്ട്രേലിയ, ആഫ്രിക്ക, അമേരിക്ക എന്നീ വൻകരകളെ യേശുവിന്റെ സന്ദേശത്തിന്റെ അനുയായികളാക്കി. അങ്ങിനെ അഞ്ച് വൻകരകളിൽ നാലിലും യേശു സ്തുതിക്കപ്പെടുന്നു. ഇനി ഏഷ്യാ വൻകര മാത്രമാണ് ബാക്കിയുള്ളത്. മൂന്നാമത്തെ സഹസ്രാബ്ദത്തിൽ അതിനുള്ള വിത്തുവിതയ്ക്കാനുള്ള പരിശ്രമത്തിലാണ്. അതിനുള്ള നിലം ഒരുക്കാനുള്ള ശ്രമമാണ് ഇവിടെ നടന്നുവരുന്നത്. കൂട്ടം കൂട്ടമായി അത് നടക്കുന്നുണ്ട്. അങ്ങിനെ അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് ഭാരത്തിൽ വന്ന് എല്ലാ ജനങ്ങളുടേയും മുന്നിൽവെച്ച് പറഞ്ഞതാണ്. സത്യം പറഞ്ഞാൽ ഭാരതീയ നേതൃത്വത്തേയും സംസ്കാരത്തേയും ഭാരതീയരേയും അപമാനിക്കുകയാണ് ഈ വാക്കുകളിലൂടെ ഉണ്ടായത്. ഇതു മാത്രമല്ല ഇവിടം കുരിശിന്റെ വഴിയിൽ ചരിക്കണമെന്ന് ചെയ്താണ് പോപ്പ് മടങ്ങിയത്.

ഏറ്റവും പ്രധാനപ്പെട്ടതും മഹത്വപൂർണ്ണവുമായ ഒരു സ്ഥലത്ത് നമ്മുടെ കുരിശിന്റെ അടയാളം സ്ഥാപിക്കുമെന്നാണ് പോപ്പ് പറഞ്ഞത്. ദീപാവലി ദിവസമായിരുന്നു പോപ്പിന്റെ സന്ദർശനം. പോപ്പ് പറഞ്ഞു: 'ഇന്ന് ദീപാവലി ദിവസം ഞാൻ ഇവിടെ വന്നു. ഇവിടെ ദീപങ്ങളുടെ ഉത്സവം എല്ലായിടങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു". എന്നാൽ അന്ന് ക്രിസ്ത്യാനികളുടെയിടയിൽ പോപ്പ് പ്രഖ്യാപിച്ചത് ഇങ്ങനെയാണ്: "ഇന്ന് ദീപങ്ങളുടെ ഉത്സവമാണ്. ഈ പ്രകാശങ്ങൾകൊണ്ട് ഇരുട്ട് മാറിപ്പോവുകയില്ല. ഈ നാട് മാറ്റുന്നതിനായി യേശു നമുക്ക് ഏവർക്കും ഹൃദയത്തിൽ ആ തിരി തെളിയിച്ചുതരുന്നുണ്ട്. ആ ദീപത്തെ വേണം നിങ്ങൾ ഓരോരുത്തരും അവലംബിക്കാൻ" എന്നാണ് ഉദ്ബോധിപ്പിച്ചത്. നോക്കൂ. ഇതാണ് അവരുടെ ഇരുതല പ്രയോഗം.

ഇതോടൊപ്പം അദ്ദേഹം വേറൊരു കാര്യവും ഏഷ്യൻ ജനസമൂഹത്തോട് ഓർമ്മിപ്പിച്ചു. കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിലും യേശുവിന്റെ രൂപം യുറോപ്യൻ ആയിരുന്നു. എന്നാൽ അടുത്ത സഹസ്രാബ്ദത്തിൽ അത് ഏഷ്യൻ രൂപമാക്കി മാറ്റുകയാണ്. യേശുവിന്റെ പഴയ എല്ലാ ചിത്രങ്ങളും നോക്കിയാൽ ഇത് മനസ്സിലാവും. അവയിലെ നിറം, തലമുടി എല്ലാം യൂറോപ്പിന്റേതുപോലെയാണ്. അതിന്റെ കണ്ണുകൾ പൂർണ്ണമായും യൂറോപ്യൻ കണ്ണുകൾ തന്നെയാണ്. അതുപോലെ യേശുവിന്റെ അവസാനത്തെ

അത്താഴം മേശപ്പുറത്താണ് ചിത്രീകരിച്ചിരിക്കുന്നത്. ഏഷ്യയിൽ എവിടെയാണോ യേശുവിന്റെ ജന്മം ഉണ്ടായത് അവിടെ ഭാരതത്തിലേതുപോലെ നിലത്തു ചമ്രംപടിഞ്ഞാണ് ഭക്ഷണം കഴിച്ചിരുന്നത്. അതായിരുന്നു ഭക്ഷണത്തിനുള്ള രീതി. ഇതിനെ യൂറോപ്യവത്ക്കരിക്കുകയാണ് അന്ന് ചെയ്തത്. അവർ ക്രിസ്തുവിനെ യൂറോപ്യവത്ക്കരിക്കുകയും യൂറോപ്പിനെ ക്രിസ്ത്യൻവത്ക്കരിക്കുകയും ചെയ്തു. രണ്ടു സഹസ്രാബ്ദങ്ങളിൽ അവർ ഇതാണ് ചെയ്തത്. ഇപ്പോൾ ആഗ്രഹിക്കുന്നത് ഏഷ്യയിലും അത്തരത്തിൽ ഫലം കൊയ്തെടുക്കാനാണ്. പോപ്പിന്റെ ഏകദേശം 34 പേജുകളുള്ള പ്രസംഗത്തിൽ പറയുന്നത് ഈ മിശിഹായുടെ പ്രവചനങ്ങളെല്ലാം ഏഷ്യയിലാണ് നടന്നത്. അദ്ദേഹത്തിന്റെ എല്ലാ ശിഷ്യന്മാരും ഏഷ്യൻ വംശജരായിരുന്നു എന്നാണ്. അതുകൊണ്ട് യേശുക്രിസ്തു യൂറോപ്പിന്റേതല്ല. ഏഷ്യയുടേതാണ്. പ്രവർത്തനം ചെയ്തുകൊണ്ട് അതിൽ ഊറ്റംകൊള്ളുക. നിപുണനായ കച്ചവടക്കാരന് തന്റെ സാധനങ്ങൾ എങ്ങനെ വിറ്റഴിക്കണമെന്ന് അറിയാം. അതുപോലെ ഇവരൊക്കെ ദൈവത്തിന്റെ ആളുകളുടെ വെറും കച്ചവടക്കാർ മാത്രമാണ്.

കുറച്ച് ദിവസം മുമ്പ് ഞാൻ ബാംഗ്ലൂരിൽ യാത്ര ചെയ്തിരുന്നു. അപ്പോൾ അവിടെ ഒരു പോസ്റ്റർ കാണാനിടയായി. അതിൽ കറുത്ത യേശു എന്ന് എഴുതിയിരുന്നു. അതുമാത്രമല്ല, അതിനു മുകളിൽ 'ഏകം സത്' എന്നു മാത്രം അച്ചടിച്ചിരുന്നു. 'വിപ്ര ബഹുധാ വദന്തി' എന്ന ബാക്കി ഭാഗം എഴുതിയിരുന്നില്ല. ഇതിന്റെ ഉദ്ദേശ്യം വ്യക്തമാണ്. ഈ യേശു ക്രിസ്തു ഏഷ്യയുടെ ദൈവമാണെന്നും അത് ഏകമാത്ര സത്യമാണെന്നും സൂചിപ്പിക്കുന്നു. എന്നാൽ എല്ലാ ദൈവങ്ങളേയും അംഗീകരിക്കുന്ന അടുത്ത വാചകം ബോധപൂർവ്വം വിട്ടുകളഞ്ഞു. ഇവിടുത്തെ ജനങ്ങൾ ഇതു മനസ്സിലാക്കാതെ അസ്തപ്രജ്ഞരായി നിൽക്കുകയാണ്. എന്നാൽ ശ്രീകൃഷ്ണനറിയാം പൂതന ആരാണെന്ന്. അതുപോലെ കേശവന്റെ ശിഷ്യന്മാരായ നമുക്ക് ഈ മനുഷ്യൻ (പോപ്പ്) ആരാണെന്ന് മനസ്സിലാകും. നാം വഞ്ചിക്കപ്പെടാൻ ഇടവരുത്തരുത്. പോപ്പ് ഏതു തരത്തിലാണ് ഇവിടെ വന്ന് പറഞ്ഞിട്ടുള്ളതെന്ന് നാം ഉറക്കെ ചിന്തിക്കണം.

പോപ്പ് മൂന്നാമത് വേറൊരു കാര്യം പറയുകയുണ്ടായി. അന്യോന്യം സംവാദം നടക്കണമെന്നതായിരുന്നു അത്. സംവാദത്തിനുള്ള അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കാനായി ഹിന്ദുധർമ്മത്തിലെ നേതാക്കന്മാരോടും ആചാര്യന്മാരോടും വിജ്ഞാൻഭവനിൽ വെച്ച് അദ്ദേഹം പറയുകയുണ്ടാ

യി, നിങ്ങളുടെ പാരമ്പര്യം എത്ര മഹത്തരമാണ്. നിങ്ങൾ സഹിഷ്ണുത യുടേയും ചർച്ചയുടേയും മാർഗ്ഗം സ്വായത്തമാക്കിയവരാണ്. അശോക ചക്ര വർത്തിയുടേയും അക്ബറുടേയും ഛത്രപതി ശിവജിയുടേയും അതിനു ശേഷം രാമകൃഷ്ണപരമഹംസനും വിവേകാനന്ദനും പിന്നീട് മഹാത്മാ ഗാന്ധിയും രവീന്ദ്രനാഥ ടാഗോറും ഡോ. രാധാകൃഷ്ണനും പോലുള്ള മഹാത്മാക്കളെ പോലെ ഭാവിയിലെ മുന്നോട്ടുള്ള പോക്കിനായി ഞാനും സഹിഷ്ണുതയും ചർച്ചയും വേണമെന്നാണ് ആഗ്രഹിക്കുന്നത്.

ഇപ്രകാരം പോപ്പ് മുഖ്യപ്രഭാഷണ രൂപത്തിൽ പറഞ്ഞു. എന്നാൽ പാതിരിമാരുടെ യോഗത്തിൽ ഇങ്ങിനെയാണ് പറഞ്ഞത്: "ക്രിസ്ത്യൻ വീക്ഷണത്തിൽ മതങ്ങൾ തമ്മിലുള്ള സംവാദം എന്നാൽ അന്യോന്യം അറിവുകൾ കൈമാറുക എന്നതിനുപരി ചിലതു കൂടിയുണ്ട്. അത് പള്ളിയുടെ സുവിശേഷവത്ക്കരണ മിഷൻ തന്നെയാണ്. അതായത് മതപരിവർത്തനത്തിന് ഒരു ഉപാധി മാത്രമാണ് സംവാദം. സംവാദത്തിൽ കൂടി സുവിശേഷം, സുവിശേഷത്തിന് സംവാദം. Evangelisation through dialogue and dialogue for evangelisation. തുടക്കത്തിലെ പൂതനയെ ഒന്നുകൂടി കൊണ്ടുവരട്ടെ. അവൾ ഏവർക്കും കിങ്കരി. ശ്രീകൃഷ്ണന് പോറ്റമ്മ. അത് മനസ്സിലാക്കാത്തവരെ പച്ചമലയാളത്തിൽ മരമണ്ടൻ എന്നാണ് വിളിക്കുക.

ഭാരതമേ എഴുന്നേൽക്കുക

മേലേ പാൽ നുരഞ്ഞുപൊങ്ങുന്ന വിഷകൂടം പോലെയാണ് ഇത്. സമ്പൂർണ്ണ ഹിന്ദുസമാജത്തേയും ലാക്കാക്കിയാണ് ഇത് നടക്കുന്നത്. കേവലം അതിർത്തിപ്രദേശങ്ങളെ മാത്രമല്ല. മുഴുവൻ പ്രദേശങ്ങളിലും ഈ സ്ഥിതിയാണുള്ളത്. അതുകൊണ്ട് നാം എന്തുചെയ്യണം? ചിന്തിക്കേണ്ടിവരും. ഭാരതത്തിലും സാവധാനം മാറ്റങ്ങൾ വരുന്നത് അവർ ശ്രദ്ധിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുമുണ്ട്. ഭാരതത്തിൽ പഴയ രീതിയിലുള്ള പ്രവർത്തനം തുടരാൻ വിഷമമാണ് എന്നു മാത്രമല്ല മതപരിവർത്തനം ചെയ്യപ്പെട്ടവർ പതുക്കെ തന്റേടത്തോടെ തിരികെപ്പോകാനും തുടങ്ങിയിട്ടുണ്ട്. അതിനുള്ള കഠിനശ്രമങ്ങളും തുടങ്ങിയിട്ടുണ്ട് എന്നവർ മനസ്സിലാക്കിക്കഴിഞ്ഞു. രാഷ്ട്രീയ സ്വയംസേവകസംഘം, വിശ്വഹിന്ദുപരിഷത്ത്, വനവാസി കല്യാണാശ്രമം തുടങ്ങിയവയുടെ പ്രവർത്തനഫലമായി ആരൊക്കെയാണോ കാലങ്ങൾക്ക് മുമ്പ് മതപരിവർത്തനം ചെയ്യപ്പെട്ടത് അവരെയൊക്കെ പരിവർത്തനം നടത്തുന്നതിനുള്ള

പദ്ധതി പതുക്കെപ്പതുക്കെ നടന്നുവരുന്നുണ്ട് എന്നവർ മനസ്സിലാക്കിയിരിക്കുന്നു. 'ഹിന്ദുമതത്തിൽ പരാവർത്തനചരിത്രം' എന്ന ഒരു പുസ്തകം കരീബിയൻ ദ്വീപുകളിലെ സുരീനാംകാരനായ ഒരു ക്രിസ്ത്യാനി 20 കൊല്ലം മുമ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാംഗ്ലൂർ ഇത് പുസ്തകമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇതിനെതിരായി ലോകം മുഴുവൻ, പ്രത്യേകിച്ച് ക്രിസ്ത്യാനികൾ പദ്ധതികൾ തയ്യാറാക്കി പ്രചരണം നടത്തുന്നുണ്ട്. ഇതിനെതിരെ അഭിപ്രായം ഉണ്ടാക്കിയെടുക്കുന്നുണ്ട്. ബുദ്ധിജീവികൾ എന്നറിയപ്പെടുന്നവരും ചില പത്രമാധ്യമങ്ങളും ഇതൊന്നുമറിയാതെ അവരുടെ കയ്യാളുകളായി മാറുകയും ചെയ്തിട്ടുണ്ട്.

എനിക്ക് പൂർണ്ണമായ വിശ്വാസമുണ്ട്. ഹിന്ദുസമാജത്തിന്റെ ഹൃദയം ശക്തമാണ്. ഏതോ ചില മായയുടെ അപഭ്രംശംകൊണ്ട് മങ്ങിപ്പോയി എന്നു മാത്രം. ഇന്ന് വനാന്തരങ്ങളിൽ പോലും പതുക്കെ നമ്മുടെ അസ്മിതാബോധം ജാഗ്രത്തായി വന്നുകൊണ്ടിരിക്കുന്നു. നാം ആരായിരുന്നു? നാം ആരാണ്? ഇടയ്ക്ക് നാംതന്നെ നമ്മുടെ അസ്മിതയെ മറന്നിരിക്കാൻ ഇടയാക്കിയതെന്താണ്? എന്നു തുടങ്ങിയ കാര്യങ്ങളിൽ ഹിന്ദുസമാജം ജാഗരൂകരായി തുടങ്ങിയിട്ടുണ്ട്. അതനുസരിച്ച് നമ്മെ വിട്ടുപിരിഞ്ഞവർ തിരിച്ചുവരണം. അതിനായി ഒരു സംഘടന ആവശ്യമാണ്. അത് വനവാസി കല്യാണശ്രമം, വിശ്വഹിന്ദുപരിഷത്ത്, ധർമ്മപ്രചാരസഭ, ആര്യസമാജം തുടങ്ങിയവയാണ്. ഹിന്ദുസമാജത്തിൽ നിന്ന് വേറിട്ടുപോയവരെ തിരിച്ചുകൊണ്ടുവരാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു എന്നത് സന്തോഷകരമാണ്. തിരിച്ചുവരുന്നവരെ മുഴുവൻ സ്വീകരിക്കാൻ നമ്മൾ തയ്യാറാണ്. ധിക്കരിച്ച് പോയവനെ തിരികെ എടുത്തിരിക്കുന്നു. സമാജവും ഇതിന് മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് പൂജ്യ ശങ്കരാചാര്യർ പോലും പറഞ്ഞുതുടങ്ങിയിരിക്കുന്നു നിങ്ങൾ മതംമാറ്റിയവനെ ഞങ്ങൾ തിരിച്ച് പരാവർത്തനം ചെയ്തെടുക്കുമെന്ന്. നിങ്ങൾക്ക് എല്ലാവരേയും മതപരിവർത്തനം ചെയ്യാൻ അവകാശമുള്ളതുപോലെ പരാവർത്തനം ചെയ്യാൻ ഞങ്ങൾക്കും അവകാശമുണ്ട്. പാരമ്പര്യത്തിന്റെ അനുയായികളായ ആധുനിക ആചാര്യന്മാർ മുന്നോട്ടുപോകാൻ തയ്യാറായി വന്നിരിക്കുന്നു.

ഹിന്ദുസമൂഹത്തിൽ ആശാവഹമായ മാറ്റം ദൃശ്യമായിക്കൊണ്ടിരിക്കയാണ്. അതിന്റെ മുന്നണി പടയാളികളാണ് വനവാസി കല്യാണാശ്രമവും വിശ്വഹിന്ദുപരിഷത്തും, അതുപോലെ നാമെല്ലാവരും. അതുകൊണ്ട് നമ്മുടെ പഴയ എല്ലാ ബന്ധുക്കളേയും നമ്മിൽനിന്ന് വേർതിരിഞ്ഞവ

രെയും മുഴുവൻ സ്നേഹത്തോടെ, ആദരവോടെ, അംഗീകാരം നൽകിക്കൊണ്ട് വിശാലമായ നമ്മുടെ സമാജത്തിൽ തന്നെ കുടിയിരുത്താൻ പരിശ്രമിച്ചതിന്റെ സത്ഫലങ്ങളും കണ്ടുതുടങ്ങിയിട്ടുണ്ട്. ഞങ്ങളും ഈ വിശാലമായ സമൂഹത്തിന്റെ അംഗങ്ങൾ തന്നെയാണ്. മതപരിവർത്തനം കാരണം ഞങ്ങൾ സാമാജിക വിസ്മൃതിയിൽപ്പെട്ടുപോയി. ഈ ബോധം ധൂർത്തുപുത്രന്മാരിൽ പതുക്കെ വളർന്നുവരുന്നുമുണ്ട്. ക്രിസ്ത്യാനികൾ ഇതുവരെ ധരിച്ചിരുന്നത് ഹിന്ദുക്കളെ മതംമാറ്റുക എന്നത് ഒരു വഴിക്കു മാത്രമുള്ള പോക്ക് എന്നായിരുന്നു. എന്നാൽ ഈ സ്ഥിതി മാറി. മതം മാറിയിട്ടുണ്ടെങ്കിൽ തിരിച്ചും വന്നുകൊണ്ടിരിക്കുന്നുണ്ട്. 80-85 കോടിയിലധികം വരുന്ന ഹിന്ദുസമാജം മുഴുവൻ ഒറ്റക്കെട്ടായി ജാഗൃതരായാൽ പിരിഞ്ഞുപോയവർ മുഴുവൻ തിരികെ വരുന്നതു കാണാൻ കഴിയും. ഇതിനെയാണ് 'ആത്മസാത്ക്കരണം' എന്നു പറയുന്നത്. ക്രിസ്തുമതത്തിൽ ഭഗവാൻ ഒന്നേയുള്ളൂ. എന്നാൽ അവർ മനുഷ്യസമൂഹത്തെ മുഴുവൻ രണ്ടാക്കി. വിശ്വാസികളെന്നും പാപികളെന്നും. ഹിന്ദുസമാജത്തിൽ ഭഗവാൻ അനവധിയാണ്. എന്നാൽ മാനവത ഒന്നാണ്. കേവലം ശ്രീകൃഷ്ണഭക്തൻ സുഖിയാകട്ടെ. ശിവഭക്തൻ സുഖിയാവട്ടെ എന്നു ഹിന്ദു ആഗ്രഹിക്കാറില്ല. ഭഗവാനിൽ വിശ്വസിക്കുന്നവർക്കും വിശ്വസിക്കാത്തവർക്കും ക്രിസ്ത്യാനിക്കും മുസൽമാനുമൊക്കെ സുഖം കൈവരട്ടെ എന്നാണ് ഹിന്ദു ചൊല്ലുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെടുമ്പോൾ ലോകം നമ്മെ അംഗീകരിക്കും. ലോകം ഇതിനായി കാത്തിരിക്കുകയാണ്. ഈ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി ഭാരതത്തിനകത്തും പുറത്തും ഒരുക്കങ്ങൾക്ക് തയ്യാറെടുക്കണം. ഇതിനുള്ള ദൃഢമായ ഒരു വിശ്വാസം നമ്മുടെ പ്രവർത്തനംകൊണ്ട് ഉയർന്നുവന്നിരിക്കുകയാണ്. ഇതിനെ ഊട്ടിയുറപ്പിക്കുക. പല കാരണങ്ങൾകൊണ്ട് മറുപക്ഷം ചേർന്നവരൊക്കെ തിരികെ വരും. ആരൊക്കെയാണോ സാമർത്ഥ്യത്തോടെ പ്രവർത്തനം ചെയ്യുന്നത് അവർക്കൊക്കെ ഭഗവാന്റെ അനുഗ്രഹം നിശ്ചയമായും ലഭിക്കും. അതെനിക്ക് പൂർണ്ണവിശ്വാസമുണ്ട്.

ചുരുക്കത്തിൽ ഹൈന്ദവ മതങ്ങളുടേയും സമൂഹത്തിന്റേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്നവർ ഒരുകാര്യം മറക്കരുത്. മിഷനറിമാർ ഏതു സാഹചര്യത്തിലും ഒരുപായവും ബാക്കിവെക്കാതെ മതപരിവർത്തനത്തിനുവേണ്ടി പ്രവർത്തിക്കാതിരിക്കില്ല. അതു നല്ലപോലെ മനസ്സിലാക്കി ഹിന്ദു മതപ്രവർത്തകരും ഉപായത്തിനെ പ്രത്യുപായത്തിൽ കൂടി മിഷനറിമാരുടെ

ഹിന്ദുമതവിദ്രോഹത്തെ ചെറുത്തുനിന്ന് പരാജയപ്പെടുത്തണം. മതപരിവർത്തനം അവരുടെ അവകാശമാണെങ്കിൽ മതപരിവർത്തന പ്രതിരോധം ഹിന്ദുക്കളുടേയും അവകാശമാണ്. ഹിന്ദുസമുദായത്തിൽ നേരിടുന്ന നഷ്ടം നികത്തുക എന്നത് ഹിന്ദുസമൂഹത്തിന്റെ ധാർമ്മിക കർത്തവ്യമാണ്.

മതംമാറ്റം ഹിംസയാണ്

1999 ജൂലൈ 17-ന് ചെന്നൈയിലെ സദ്ഗുരു ജ്ഞാനാനന്ദ ഹാളിൽ 'ഹിന്ദു പൈതൃകത്തിനെതിരായ അക്രമം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ പൂജ്യശ്രീ സ്വാമി ദയാനന്ദ സരസ്വതി ചെയ്ത പ്രഭാഷണത്തിന്റെ ചുരുക്കം:

ലോകത്തിൽ രണ്ട് മതപാരമ്പര്യങ്ങളാണ് ഉള്ളത്. ഒന്ന് മതം മാറ്റുന്നതിൽ വിശ്വസിക്കുന്നതേയില്ല. മറ്റേതാകട്ടെ മതംമാറ്റം തങ്ങളുടെ കടമയായി വിശ്വസിച്ച് പോരുന്നു.

ജൂതന്മാർ, സൗരാഷ്ട്രമതക്കാർ, ഹിന്ദുക്കൾ, ഷിൻടോയിസ്റ്റുകൾ, തവോയിസക്കാർ എന്നിവർ ആരേയും മതംമാറ്റുന്നില്ല. ഇറാനിൽനിന്ന് മുംബൈയിലേക്ക് പാലായനം ചെയ്തെത്തിയ സൗരാഷ്ട്രീയൻ മതക്കാരായ പാർസികൾ അവരുടെ മതം പൂർണ്ണമായും അനുഷ്ഠിച്ചുകൊണ്ട് മറ്റാർക്കും യാതൊരു വിഷമവും ഉണ്ടാക്കാതെ ഇവിടെ കഴിഞ്ഞു. ഹിന്ദുക്കൾ, ഇവിടെ വന്നെത്തിയ ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും എന്നപോലെ ഇവരേയും അഭയം നൽകി, ആവശ്യമായ ഒത്താശകൾ നൽകി ജീവിക്കാൻ അനുവദിച്ചു. നമ്മുടെ ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് അത് അനുവദിക്കുന്നു. നമ്മൾ വിവിധ ആരാധനാ രീതികൾ അംഗീകരിക്കുന്നവരാണ്. ഒരു രീതികൂടി ഈശ്വരാരാധനക്ക് ഉണ്ടാകുന്നതിൽ നമുക്ക് എതിർപ്പില്ല. ചില ഹിന്ദുക്കൾ അവരുടെ പൂജാമുറിയിൽ ക്രിസ്തുവിന്റെ പടം വെച്ചു കാണാറുണ്ട്. അവർ അതിൽ അപാകത കാണുന്നില്ല. ഞാനും അതിലപാകതയൊന്നും കാണുന്നില്ല. ജൂതമതവും സൗരാഷ്ട്രീയൻ മതവും ഹിന്ദുപാരമ്പര്യവും ആക്രാമികങ്ങളല്ല.

അക്രമം ശാരീരിക തലത്തിലേ നടക്കൂ എന്നില്ല. വൈകാരികതലത്തിലും സാമ്പത്തികതലത്തിലും സാംസ്കാരിക - മതതലങ്ങളിലും അക്രമങ്ങൾ ഉണ്ടാകാം. സാംസ്കാരികവും മതപരവുമായ അക്രമമാണ് ശാരീരിക അക്രമത്തേക്കാൾ ഗുരുതരം എന്നാണ് എന്റെ അഭിപ്രായം. തന്റെ

മതവിശ്വാസം പുലർത്തുവാനുള്ള ഒരു മനുഷ്യന്റെ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്നതാണ് ഏറെ വേദനാജനകമായിട്ടുള്ളത്.

മതം, വ്യക്തിയും അതീതശക്തിയും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഐഹീകമായ ബന്ധങ്ങൾക്കുപരിയാണ് അതീത ശക്തിയുമായുള്ള ഒരാളുടെ ബന്ധം. ആ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാകും ഒരു മതനിഷ്ഠന്റെ വ്യക്തിജീവിതവും സാമൂഹിക സാംസ്കാരിക ജീവിതങ്ങളും. അതിനാൽ അതീത ശക്തിയുമായുള്ള വ്യക്തിയുടെ ബന്ധത്തിൽ ഇടപെടലുകളും വ്യതിയാനങ്ങളും വരുത്തുന്നത് അവന്റെ ജീവിതത്തിന്റെ മറ്റ് മേഖലകളേയും തലങ്ങളേയും സാരമായി ബാധിക്കും. അതുകൊണ്ടാണ് സാംസ്കാരികവും മതപരവുമായ അക്രമം ശാരീരികവും വൈകാരികവുമായ അക്രമങ്ങളേക്കാൾ ദോഷം ചെയ്യുമെന്ന് സൂചിപ്പിച്ചത്.

മനുഷ്യന്റെ അന്തരാത്മാവുമായി ബന്ധപ്പെട്ടതാണ് അവന്റെ മതവിശ്വാസം എന്നതിനാൽ അതിന്മേൽ പോറലേൽപ്പിക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുകളുണ്ടാക്കും. ആ വ്രണം ഉണക്കുവാൻ യാതൊരു ഔഷധങ്ങൾക്കും ആവില്ല. മതവികാരം വ്രണപ്പെടുന്നത് അസഹ്യമായതിനാലാണ് പല രക്തസാക്ഷിത്വങ്ങളുമുണ്ടാകുന്നത്. മതവികാരങ്ങൾ മാനിക്കണമെന്ന് പറയുന്നതിന്റെ കാരണം ഇതാണ്. അത് മനുഷ്യന്റെ ഉപബോധവുമായി ബന്ധപ്പെട്ടിരുക്കുന്നു. മതവികാരം വ്രണിതമാകുന്ന സന്ദർഭങ്ങളിൽ വ്രണപ്പെട്ടവരുടേയും അതിന് കാരണക്കാരായവരുടേയും പേരുവിവരങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കാത്തത് നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. ഉചിതമായ നടപടിയാണത്. ബഹുജനവികാരം ആളിപ്പടരുമെന്ന ഭീതികൊണ്ടാണ് മാധ്യമങ്ങൾ അത്തരം സംഭവങ്ങളിൽ വിവരങ്ങൾ മറയിട്ട് അവതരിപ്പിക്കുന്നത്. മതവികാരങ്ങൾ - അത് ഏത് മതവുമായി ബന്ധപ്പെട്ടതായിരുന്നാലും മാനിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. സർക്കാരിന്റെ ബാധ്യതയാണത്. അതാണ് മതേതരത്വം.

അമേരിക്ക മതവികാരങ്ങൾ പരമാവധി മാനിക്കുന്ന ഒരു രാജ്യമാണ്. അവിടെ മതസ്ഥാപനങ്ങളായി രജിസ്റ്റർ ചെയ്യപ്പെട്ടവ ആദായനികുതി റിട്ടേൺ സമർപ്പിക്കുക കൂടി വേണ്ട. പൊതുജനങ്ങളിൽനിന്ന് ആവലാതി ഉയർന്നാൽ മാത്രമേ പ്രശ്നമുള്ളൂ. നേരെമറിച്ച് ഇവിടെ ഹിന്ദുമതസ്ഥാപനങ്ങൾക്ക് സംഭാവന നൽകുന്നവർക്ക് യാതൊരു നികുതി ഇളവുകളും ഇല്ല.

അന്യന്റെ മതവികാരം ഏതൊരുവനും - അവന്റെ മതവിശ്വാസം എന്തുമായിരിക്കട്ടെ - മാനിച്ചേപറ്റൂ. ഞാൻ നിങ്ങളുടെ മതത്തിൽ വിശ്വസിക്കു

ന്നില്ലെന്നുവെച്ച് നിങ്ങൾ എന്റെ തലയിൽ കയറാൻ മെനക്കെടരുത്. എന്റെ കാഴ്ചപ്പാടുകളും വിശ്വാസപ്രമാണങ്ങളും നിങ്ങൾക്ക് സ്വീകാര്യമല്ലെങ്കിൽ വേണ്ട. പക്ഷേ അതിന്റെ പേരിൽ നിങ്ങളെന്നെ മുറിവേൽപ്പിക്കരുത്.

വ്യത്യസ്തമായി ചിന്തിക്കുവാനുള്ള നിങ്ങളുടെ സ്വാതന്ത്ര്യം വകവെച്ചു തരിക മാത്രമല്ല, അതിനായി പോരാടാൻ പോലും ഞാൻ തയ്യാറാണ്. ഭഗവാൻ നമുക്ക് ചിന്താശക്തി നൽകിയിട്ടുണ്ടല്ലോ. അത് ഉപയോഗിക്കുന്നതിൽ ലജ്ജിക്കേണ്ടതില്ല. എതിർവാദങ്ങളെ ക്ഷണിക്കുന്നതാണ് ഹിന്ദുവിന്റെ അന്വേഷണരീതി. മറ്റുള്ളവർക്ക് ഊഹിക്കുവാൻപോലും കഴിയാത്ത തടസ്സവാദങ്ങൾ കൊണ്ടുവന്ന് അവയ്ക്ക് ഉത്തരം കണ്ടെത്തുന്ന രീതിയാണ് ഹിന്ദുവിന്റേത്. സത്യാന്വേഷണ വ്യഗ്രതയാണ് ഹിന്ദുവിനെക്കൊണ്ട് ആ രീതി അവലംബിപ്പിക്കുന്നത്. ഞാനിവിടെ ഊന്നിപ്പറയുന്നത്, നിങ്ങൾക്ക് എന്നോട് വിയോജിക്കാനുള്ളതുപോലെ എനിക്ക് നിങ്ങളോട് വിയോജിക്കുവാനും സ്വാതന്ത്ര്യവും അവകാശവും ഉണ്ടെന്നാണ്. ഇതാണ് അക്രാമികമല്ലാത്ത പാരമ്പര്യങ്ങളുടെ നിലപാട്. നേരെമറിച്ചാണ് മതംമാറ്റം ജീവിതവ്രതമാക്കിയ മതക്കാരുടെ കാഴ്ചപ്പാട്.

മതംമാറ്റം ഒരു ദൗത്യമായി അക്കൂട്ടർ സ്വീകരിച്ചിരിക്കുന്നു. അത് അവരുടെ അവകാശമാണെന്നാണ് ധാരണ. ക്രിസ്ത്യാനി അല്ലാത്തവർ സ്വർഗ്ഗത്തിലെത്തുകയില്ലെന്ന് വിശ്വസിക്കുന്നവർ അങ്ങനെതന്നെ വിശ്വസിച്ചുകൊള്ളട്ടെ. തെളിയിക്കപ്പെട്ടിട്ടില്ലാത്തതും അവർക്ക് തന്നെ തിട്ടമില്ലാത്തതുമാണ് അവരുടെ വിശ്വാസമെന്നത് വേറെകാര്യം.

'നിങ്ങളെ രക്ഷിക്കാൻ ദൈവം അയച്ചവനാണ് ഞാൻ' എന്ന് ഒരാൾ പറയുന്നുവെങ്കിൽ എനിക്കും അങ്ങിനെ അവകാശപ്പെടാവുന്നതേ ഉള്ളൂ. ഞാൻ അങ്ങിനെ പറഞ്ഞ് നടന്നാൽ പത്തുപേർ എന്റെ പിന്നാലെയും കൂടും. ഇന്ത്യയിൽ ആർക്കും എവിടേയും പത്തുപേരെ കൂടെക്കിട്ടുക പ്രയാസമുള്ള കാര്യമല്ല.

സ്വർഗ്ഗം എന്നത് ഇതുവരേയും തെളിയിക്കപ്പെട്ടിട്ടില്ലാത്ത വിശ്വാസം മാത്രമാണ്. ഏതെങ്കിലും ഒരു വ്യക്തിയെ പിന്തുടർന്നാൽ സ്വർഗ്ഗത്തിൽ എത്താമെന്നത് മറ്റൊരു അന്ധവിശ്വാസമാണ്. 'ഞാനാണ് അവസാനത്തെ ആൾ, ആ വിദ്വാനെ പിന്തുടരരുത്, എന്നെയാണ് പിന്തുടരേണ്ടത്' എന്നൊക്കെ പറയുന്നതാണ് ഏറെ നിർഭാഗ്യകരം. അയാളാണ് അവസാനത്തെ ആളെന്ന് അവകാശപ്പെടുന്നതിന് എന്താണ് മാനദണ്ഡം? അവസാനത്തെ ദിവ്യാത്മാവ് എന്നതും വെറും വിശ്വാസമാണ്.

അങ്ങിനെയൊക്കെ വിശ്വസിച്ച് നടക്കുന്നവർ അങ്ങിനെതന്നെ നടക്കട്ടെ. പക്ഷേ, അവർ വന്ന് എന്നെ മതംമാറ്റാൻ ശ്രമിക്കുന്നത് എന്തിനാണ്?

സ്വയം ബോധ്യമുള്ള ഒരുകാര്യം എന്നെയും ബോധ്യപ്പെടുത്തുവാൻ നിങ്ങൾക്ക് ശ്രമിക്കാം. അല്ലാതെ മതംമാറ്റാൻ ശ്രമിക്കുകയല്ല വേണ്ടത്. ഇവിടെ വിമാനത്താവളത്തിലായാലും തെരുവ് മൂലകളിലായാലും അത്മാവിനെ രക്ഷിക്കാൻ നടക്കുന്നവരുടെ തിരക്കാണ്. ഇത് അപമര്യാദയോടെയുള്ള നുഴഞ്ഞുകയറ്റമാണ്, തനി അക്രമമാണ്.

എന്റെ സ്വകാര്യതയിലേക്ക് നുഴഞ്ഞുകയറാൻ ആർക്കും അവകാശമില്ല. ഇക്കൂട്ടരൊന്നും കടന്നുവന്ന് രക്ഷിക്കാൻ മാത്രം കുഴപ്പമൊന്നും എന്റെ ആത്മാവിന് ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അത്ര അപകർഷതാബോധം എനിക്കില്ല. അരക്ഷിതത്വബോധമുള്ളവനല്ലേ രക്ഷയ്ക്ക് കൊതിക്കേണ്ടതുള്ളൂ?

ഞാൻ പാപിയും നശിച്ചവനുമാണെന്ന് ഇക്കൂട്ടർ വന്നു പറയുന്നു. അത് എനിക്ക് തോന്നേണ്ടതില്ലേ? എനിക്കങ്ങിനെ തോന്നുന്നില്ല. പിന്നെ അവർ പറയുന്നത് എന്നെ പാപത്തിൽനിന്ന് രക്ഷിച്ചുതരാമെന്നാണ്. അത് നല്ലതമാശതന്നെ. തൊഴിലാളി നേതാക്കന്മാരുടെ അടവാണിത്. അവർ പ്രശ്നം ഉണ്ടാക്കും. അവർതന്നെ അത് പരിഹരിക്കുന്ന രക്ഷകന്മാരായി ചമയും. രക്ഷയല്ല, മോക്ഷമാണ് നാം കാംക്ഷിക്കുന്നത്. കെട്ടുപാടുകളിൽ നിന്നുള്ള മോചനം അഥവാ പരമമായ സ്വാതന്ത്ര്യമാണ് മോക്ഷം. ഈ മോക്ഷത്തിന് തികഞ്ഞ ഭൗതികവാദികളും നാസ്തികരുമായ ചാർവാകന്മാർക്ക് പോലും അർഹതയുണ്ടെന്ന് നാം വിശ്വസിക്കുന്നു. ചാർവാകന്മാർക്ക് അവരുടേതായ മോക്ഷസങ്കൽപ്പമുണ്ട്. മോക്ഷവും രക്ഷിക്കപ്പെടലും ഒന്നല്ല. രക്ഷിക്കപ്പെടലിൽ അടിമത്തത്തിന്റെ അംശമുണ്ട്. ദൈവമാകുന്ന പിതാവ് പറയുന്നത് കേൾക്കേണ്ടേ? ' ഈ മനുഷ്യനെ പിന്തുടരുക, ഇല്ലെങ്കിൽ ഞാൻ നിന്നെ നരകത്തിൽ തള്ളും'. മാഫിയാത്തലവന്മാർ പോലും ഇങ്ങനെ പറയില്ല. ദൈവപിതാവ് എന്ന സങ്കൽപ്പവും തെളിവില്ലായ്മയുടെ പുറത്താണ് ഇരിക്കുന്നത്.

ചിലർ വിവാഹബന്ധങ്ങൾ സ്ഥാപിച്ചും പ്രലോഭിപ്പിച്ചും ഭയപ്പാടുണ്ടാക്കുന്ന തരത്തിൽ ചില പ്രചരണങ്ങൾ നടത്തിയും ഹിന്ദുക്കളെ മതംമാറ്റുകയാണ്. സ്വർഗ്ഗത്തിലെ സുഖസൗകര്യങ്ങളെക്കുറിച്ച് അവർ ധരിപ്പിക്കുവാൻ ശ്രമിക്കുന്നു. നമ്മളെല്ലാം സ്വർഗ്ഗീയാനന്ദം അനുഭവിച്ച് രക്ഷ പ്രാപിക്കപ്പെടണമത്രേ. അല്ലാത്തപക്ഷം നമ്മൾ നരകത്തിൽ പതിക്കുമെന്നാണ് അവർ പറയുന്നത്. നരകത്തിൽ കഠിനമായ ചൂടായിരിക്കും പോലും, നരകത്തെക്കുറിച്ചുള്ള ഭീതി ഒരാളെ സ്വർഗ്ഗം തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നു.

ഇപ്പറയുന്നതെല്ലാം മതംമാറ്റുവാനാണ്. ഒരു ഹിന്ദുവിന്റെയോ ജൂത

ന്റെയോ പാർസിയുടെയോ മതംമാറ്റം അയാളുടെ കുടുംബാംഗങ്ങളെ വേദനിപ്പിക്കും. മതംമാറിയവനും ഉള്ളിന്റെ ഉള്ളിൽ വേദനിക്കും. അവന്റെ മനസ്സിൽ താൻ മതംമാറിയത് ശരിയായോ ഇല്ലയോ എന്നത് സംബന്ധിച്ച തീരാത്ത സംശയമായിരിക്കും തലപൊക്കുക. ആ സംശയം വരുത്തുന്ന മുറിവ് കരിഞ്ഞുകിട്ടാൻ കുറേക്കാലം എടുക്കും. തങ്ങളിൽപ്പെട്ട ഒരാൾ മതംമാറി എന്നറിയുന്ന സമുദായത്തിന്റെ മനസ്സും വ്രണപ്പെടുക സ്വാഭാവികമാണ്.

മതബോധം അന്തരാത്മാവിന്റെ അഗാധതലങ്ങളെ സ്പർശിക്കുന്നതാണ്. അതിന് തകരാറുണ്ടാക്കുന്ന പ്രചരണം കൊടിയ അക്രമമാണ്.

മതംമാറ്റം സംസ്കാരത്തെയും നശിപ്പിക്കുന്നു. ഗ്രീസിലെ പഴയ സംസ്കാരം എവിടെപ്പോയി? അവിടെ ചെന്നപ്പോൾ എനിക്ക് പഴയ സംസ്കാരത്തിന്റെ കൂറ്റൻ സ്മാരകങ്ങളേ കാണാൻ കഴിയുന്നുള്ളൂ. തെക്കേ അമേരിക്ക, വടക്കേ അമേരിക്ക, ആസ്ട്രേലിയ എന്നിവിടങ്ങളിലെയെല്ലാം, സംസ്കാരം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഹവാലിയൻ സംസ്കാരവും നഷ്ടമായി. ആഫ്രിക്കയിലെ ഗോത്രവർഗ്ഗ സംസ്കാരങ്ങളെല്ലാം തിരോഭൂതമായി. കഴിഞ്ഞ 2000 വർഷത്തിനിടയ്ക്ക് ഇത്തരത്തിൽ എത്രയെത്ര സംസ്കാരങ്ങളാണ് മണ്ണടിഞ്ഞത്? തന്മൂലം നഷ്ടം വന്നിട്ടുള്ളത് മനുഷ്യവംശത്തിനാകമാനമാണ്.

എല്ലാ സംസ്കാരങ്ങളും നമുക്ക് ആവശ്യമുണ്ട്. ഓരോന്നിനും അതിന്റേതായ സൗന്ദര്യമുണ്ട്. മതത്തിന്റെ നാശം സംസ്കാരത്തിന്റെ നാശം കൂടിയാണ്. പഴയ മതത്തിന്റെ സ്ഥാനത്ത് പുതിയ മതം വരുമ്പോൾ പഴയ സംസ്കാരം അസ്തമിക്കുന്നു.

പുതിയ മതത്തിന്റെ ഉള്ളടക്കങ്ങളുടെ അടിസ്ഥാനത്തിൽ 'ഭരതനാട്യം' സംരക്ഷിക്കുവാൻ പാടുപെടുന്നത് എത്ര പരിഹാസ്യമായിരിക്കും? 'നടരാജ'നില്ലാതെ 'ഭരതനാട്യ'മുണ്ടോ? ഭക്തിയില്ലാതെ 'നാട്യം' നിലനിൽക്കുമോ? മതം നശിച്ചശേഷം ആ മതവുമായി ബന്ധപ്പെട്ട സംസ്കാരം സംരക്ഷിക്കുവാനാവില്ല. ഹിന്ദുമതവും ഹിന്ദുസംസ്കാരവും അവിഭാജ്യമാണ്. സംസ്കാരത്തിന്റെ ഊടും പാവും മതമാണ്. 'നമസ്തെ' എന്ന് അഭിവാദ്യം ചെയ്യുന്നത് സംസ്കാരമാണ്. അതിന്റെ മർമ്മവും ജീവനും മതപരമായ കാഴ്ചപ്പാടാണ്. 'രങ്കോളി' എറിയുന്നതും മതത്തിന്റെ ആത്മാവുള്ള സംസ്കാരമാണ്. സംസ്കാരം മതവുമായി ബന്ധപ്പെട്ടിരുക്കുമ്പോൾ മതം ആത്മീയബോധത്തിൽ വേരുകൾ ആഴ്ത്തിയിരിക്കുന്നു. ആത്മീയ പാരമ്പര്യമാണ് മതത്തിനും സംസ്കാരത്തിനും ജീവനേകുന്നത്.

സംസ്കാരത്തെ നശിപ്പിക്കുന്നത് മതത്തെ നശിപ്പിക്കലാണ്. നശിപ്പി

ക്കൽ എന്ന പ്രക്രിയ അക്രമമല്ലെങ്കിൽ മറ്റെന്താണ് അക്രമം?

മതംമാറ്റം അക്രമമാണെന്ന് ഞാൻ പറയുന്നു. കടുത്ത അക്രമമാണത്. കൊടിയ അക്രമമാണത്. മറ്റൊരാളുടെ ഭൂമിയിൽ അതിക്രമിച്ച് കടന്ന് കൈവശാധികാരമുറപ്പിക്കുന്നവൻ 'ആതതായി'യാണെന്നും അവൻ പരമാവധി ശിക്ഷയ്ക്ക് അർഹനാണെന്നും നമ്മുടെ ധർമ്മശാസ്ത്രങ്ങൾ പറയുന്നു. മറ്റൊരാളെ കൊല്ലുന്നവനും വിഷം നൽകുന്നവനും ആതതായിയാണ്. മറ്റൊരാളുടെ ഭാര്യയെ അപഹരിക്കുകയും തട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നവനും ആതതായി തന്നെ. ഇങ്ങനെയുള്ളവൻ പരമാവധി ശിക്ഷയ്ക്ക് അർഹനായ ആതതായി ആണെങ്കിൽ സംസ്കാരത്തെ നശിപ്പിക്കുന്നവനെ എന്ത് വിളിക്കണം?

ആയുധം കൈയിലില്ലാത്തവനെ കൊല്ലരുത് എന്നാണ് ധർമ്മശാസ്ത്രങ്ങൾ പറയുന്നത്. തിരിച്ച് ഉപയോഗിക്കുവാൻ പറ്റിയ ആയുധങ്ങൾ കൈയിലുള്ളവനെ മാത്രമേ യുദ്ധം ചെയ്ത് കൊല്ലാൻ ശ്രമിക്കാവൂ എന്ന് സാരം. ആ നിലയ്ക്ക് നോക്കിയാൽ ഹിന്ദുവും ജൂതനും ബുദ്ധമതക്കാരനും പാർസിയും 'അശസ്ത്രപാണി' (ആയുധം കൈയിലില്ലാത്തവൻ ആണ്) ഇവരുടെ മതങ്ങളൊന്നും ആക്രാമികങ്ങളല്ല. ഇവരെ മതംമാറ്റാൻ ശ്രമിക്കുന്നവർ അശസ്ത്രപാണിയെ കൊല്ലാൻ ശ്രമിക്കുന്നവരാണ്.

എന്റെ സംസ്കാരത്തിന്റെയും മതത്തിന്റെയും പ്രകൃതി മതംമാറ്റുന്നതല്ല. മതംമാറ്റിക്കൊണ്ട് തമ്മിൽ മത്സരിക്കാമെന്ന് പറയുന്നതിൽ അർത്ഥമില്ല. നല്ല സംഘടന കൈവശമുള്ളവൻ കൂടുതൽ പേരെ മതംമാറ്റിയെന്നിരിക്കും. കമ്പോളത്തിലെ ശതമാനക്കണക്കിൽ കാണേണ്ട ഒന്നല്ല മതം മാറ്റലും മതം വളർത്തലും.

ക്രിസ്ത്യാനിയും മുസ്ലീമും അവരുടേതായ രീതിയിൽ പ്രാർത്ഥിക്കുകയും ജീവിക്കുകയും ചെയ്തുകൊള്ളട്ടെ. പക്ഷേ, 'എല്ലാ മതങ്ങളും ഒരേ ലക്ഷ്യത്തിലേക്ക് നയിക്കുമെന്ന് ഞാൻ പറയില്ല'. ആരേയും മതംമാറ്റുവാനും ഞാനില്ല. എന്റെ രക്ഷിതാക്കളും ഋഷിമാരും വിശ്വസിക്കുകയും ചെയ്യുകയും ചെയ്യാത്ത ആ കാര്യം എനിക്ക് ചെയ്തുകൂടാ.

നിരുപദ്രവികളും നല്ലവരുമായ പാർസികളുടെ സംസ്കാരം നശിക്കുകയാണ്. അവരുടെ എണ്ണം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ജൂതന്മാരുടെ എണ്ണവും കുറയുകയാണ്. അവർ സ്വന്തം മതവും സംസ്കാരവും സംരക്ഷിക്കുവാനുള്ള പോരാട്ടത്തിലാണ് മതംമാറ്റം എന്നത് അക്രമരഹിതരായി ജീവിക്കുന്ന ജനങ്ങൾക്ക് നേരെയുള്ള അക്രമം കൂടിയാണ്.

ഹിന്ദുക്കളെ നേരെയാക്കാൻ മറ്റുള്ളവർ പാടുപെടണമെന്നില്ല. അത് ഹിന്ദുക്കൾ തങ്ങളുടേതായ രീതിയിൽ ചെയ്തുകൊള്ളും. ഹിന്ദുക്കൾ

തമ്മിൽ അനൈക്യമുണ്ടെന്ന് പറഞ്ഞ് മതംമാറ്റാൻ എത്തുന്നവർ മാപ്പ് അർഹിക്കുന്നില്ല. ഒരുതുണ്ട് ഭൂമിക്കുവേണ്ടി രണ്ട് സഹോദരന്മാർ വാശി പിടിച്ച് ലഹളകൂട്ടുന്നത് കണ്ട് തർക്കത്തിന് ആധാരമായ അവരുടെ സ്ഥലം താൻ ഉടമസ്ഥതയിലാക്കിക്കൊള്ളാം എന്ന് ഒരു മൂന്നാമൻ വന്ന് പറയുന്നതുപോലെ അർത്ഥശൂന്യമാണ് ഹിന്ദുക്കളുടെ അനൈക്യത്തിൽ നിന്ന് മുതലെടുത്ത് മതംമാറ്റാൻ വരുന്നവരുടെ നടപടി.

'നമ്മൾക്ക് മതകാര്യങ്ങളിൽ സംവാദം ആകാം' എന്ന് ചിലർ പറയുന്നു. ഞാൻ ഇത്തരം ചില സംവാദങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഇപ്പോൾ ആ പണി നിർത്തിയിരിക്കുകയാണ്. അതുകൊണ്ട് യാതൊരു ഫലവുമില്ല. വാദത്തിൽ ജയിച്ചവന്റെ പക്ഷത്തേക്ക് തോറ്റവർ ചേരുകയാണെങ്കിൽ വാദത്തിനും സംവാദത്തിനും പ്രസക്തിയുണ്ട്. അല്ലാത്തപക്ഷം അതുകൊണ്ട് കാര്യമൊന്നുമില്ല. നമ്മുടെ തലയിൽ കയറി നിൽക്കുവാൻ ശ്രമിക്കുന്നവരുമായി എന്തിന് നാം സംവാദത്തിലേർപ്പെടണം? ലോകമതസമ്മേളനങ്ങളെല്ലാം മതംമാറ്റത്തിനെതിരായ പ്രതിഷേധം കുറയ്ക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് സംഘടിപ്പിക്കപ്പെടുന്നവയാണ്. മതംമാറ്റം അവസാനിപ്പിക്കാത്തവർക്കിടയിൽ നിന്നുകൊണ്ട്, 'നമ്മളെല്ലാം സമാനരാണ്. നമ്മളെല്ലാം ഒരേ ദൈവത്തിലേക്ക് പ്രയാണം ചെയ്യുന്നവരാണ്' എന്നെല്ലാം പറഞ്ഞതുകൊണ്ട് വിപരീതഫലമേ ഉണ്ടാവുകയുള്ളൂ. എന്റെ സ്വത്ത് നിന്റേയും നിന്റെ സ്വത്ത് എന്റേതുമാകയാൽ നിന്റെ സ്വത്ത് എന്റെ സ്വത്തിനോടൊപ്പം എന്റെ കൈവശമിരിക്കട്ടെ എന്ന് പറയുവാൻ മടിക്കാത്ത തരക്കാരോടാണോ സമത്വം പറയേണ്ടത്?

എല്ലാ പ്രാർത്ഥനാ രീതികളും ശരിയാണെന്ന് ഞാൻ പറയും. പക്ഷേ അവരത് പറയില്ല. ഒരു പ്രത്യേക ഭാഷയിലും ഒരു പ്രത്യേക തരത്തിലും പ്രാർത്ഥിച്ചാലേ ദൈവത്തിന് മനസ്സിലാകുകയും ഇഷ്ടപ്പെടുകയും ചെയ്യൂ എന്ന് ഞാൻ പഠിച്ച ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ കരുതുന്നില്ല. അവരുടെ പ്രസംഗങ്ങൾ കേട്ടുനോക്കൂ. ആ പ്രസംഗങ്ങൾ അവരുടെ മതത്തേക്കുറിച്ചുള്ളവ എന്നതിലേറെ മറ്റു മതങ്ങൾക്കെതിരായവയാണ്. ഇത്തരം മതപ്രസംഗങ്ങൾ അക്രമം ക്ഷണിച്ചുവരുത്തും.

തികച്ചും ഏകപക്ഷീയമായ അക്രമങ്ങൾക്കാണ് ഹിന്ദുക്കൾ വിധേയരാകുന്നത്. വളരെക്കാലമായി ഇത് നടന്നുവരുന്നു. മതംമാറ്റം ഹിംസാത്മകമല്ല എന്ന് അവർക്ക് സമാധിക്കുവാൻ കഴിയുമോ?

കോടിക്കണക്കിന് ആളുകളുടെ ഹൃദയവികാരങ്ങളെ മുറിപ്പെടുത്തിയാണ് അവർ മതംമാറ്റത്തിന് തുനിയുന്നത്. ഈ അക്രമത്തെ മനുഷ്യരാശി കൈയും കെട്ടിനിന്നുകൂടാ.

മുസ്ലീമും ക്രിസ്ത്യാനിയും ഹിന്ദുവിന്റെ തലയിൽക്കയറി താണ്ഡവമാടുമ്പോൾ സർക്കാർ ഹിന്ദുവിന്റെ സംരക്ഷണത്തിന് എത്തില്ല. മതപരമായ പ്രശ്നങ്ങളിൽ തങ്ങൾ ഇടപെടുകയില്ലെന്നാണ് സർക്കാരും പോലീസും പറയുക. ഗതികെട്ട് ആത്മരക്ഷയ്ക്കായി എങ്ങാനും ഹിന്ദുവൊന്ന് കൈയോങ്ങിയാൽ ന്യൂനപക്ഷ സംരക്ഷണം തങ്ങളുടെ ചുമതലയാണെന്നും പറഞ്ഞ് സർക്കാരും പോലീസും ഹിന്ദുവിനെതിരെ ചാടിവീഴും. അവർ മതേതരന്മാരാണത്രെ. ചുരുക്കത്തിൽ ഹിന്ദുക്കൾക്ക് തങ്ങളുടെ തലയിൽ നൃത്തം ചവിട്ടുകയും തങ്ങളെ മതംമാറ്റാൻ തുനിഞ്ഞിറങ്ങുകയും ചെയ്ത കൂട്ടരേയും, ന്യൂനപക്ഷ സംരക്ഷണത്തിന്റെയും മതേതരത്വത്തിന്റെയും പേരിൽ തങ്ങളെ വിഷമിപ്പിക്കുന്ന സർക്കാരിന്റെയും ഒരേ സന്ദർഭങ്ങളിൽ അഭിമുഖീകരിക്കേണ്ട ഗതികേടാണ് ഉണ്ടായിരിക്കുന്നത്. ഈ വിചിത്രമായ അവസ്ഥ മാറ്റിയേ തീരൂ. അതിന് ഭരണഘടന ഭേദഗതി ചെയ്യേണ്ടിവന്നാൽ അതും ചെയ്യണം. എന്റെ ധർമ്മം അക്രമത്തിന്റേതല്ല. അത് മതംമാറ്റം അംഗീകരിക്കുന്നുമില്ല. എനിക്ക് എന്റെ ധർമ്മം സംരക്ഷിച്ചേതീരൂ. നമുക്ക് നമ്മുടെ ധർമ്മം സംരക്ഷിച്ചേ തീരൂ. സർക്കാരാണ് അതിന് സഹായിക്കേണ്ടത്. സംരക്ഷണം തരാൻ ബാധ്യതപ്പെട്ട സർക്കാർ അത് ചെയ്യുന്നില്ലെങ്കിൽ ജനങ്ങൾക്ക് ഒരു പുതിയ സംരക്ഷകനെ തേടേണ്ടിവരും.

മതംമാറ്റം അക്രമവും ഹിംസയും വളർത്തും. അത് അവസാനിപ്പിക്കുക. അല്ലാത്തപക്ഷം അഹിംസാവാദികൾ ഹിംസയ്ക്ക് തയ്യാറായിപ്പോകും. തെറ്റ് എത്രയും വേഗം തിരുത്തുന്നുവോ അത്രയും നല്ലത് - പ്രത്യേകിച്ച് ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും. എല്ലാ സംസ്കാരങ്ങളും സംരക്ഷിക്കപ്പെടണം. അതാണ് യഥാർത്ഥ മതേതരത്വം.

ഹിന്ദു ഐക്യവേദി - കേരളം

സമന്വയ ഭവൻ, കോട്ടയ്ക്കകം പോസ്റ്റ്, തിരുവനന്തപുരം - 695023

ഫോൺ: 0471-2572400, 6454750,

വില 10 രൂപ

Printed at : Ayodhya - 2408797